കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.കെ ഡി/പി7/2049/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്
ഫോൺ; 04952371012
ഇ-മെയിൽ;- dokkd.ksad@kerala.gov.in

തീയതി:27.10.2018

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )
കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), കോഴിക്കോട്

3)കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.കെ ഡി/പി7/2049/2018 തിയ്യതി – 27.10.2018

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ
2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള
ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. പി.ഉണ്ണികൃഷ്ണൻ, ജോയിൻറ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.8.2018 മുതൽ 23.8.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.ബാലസുബ്രഹ്മണ്യൻ.എ.കെ | ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.ഷൈന.എ.കെ | അസിസ്റ്റന്റ് ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി.ജിഷ സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | കുമാരി.രമ്യ.പി.എം | 1.4.17 – 31.3.18 |
| സെക്രട്ടറി | ശ്രീ.ജോർജ് ജോസഫ് | 1.4.17 – 21.4.17 |
| | ശ്രീ.ഹംസ.കെ.പി (സെക്രട്ടറി ഇൻചാർജ്ജ്) | 22.4.17 – 1.9.17 |
| | ശ്രീ.ജയപ്രകാശൻ.വി.കെ | 2.9.17 – 12.1.18<br>17.2.18-31.3.18 |
| | ശ്രീ.കമറുന്നിസ(സെക്രട്ടറി ഇൻചാർജ്ജ്) | 13.1.18 – 17.2.18 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. സീന അലക്സ് | 01.04.2017 – 31.03.2018 |
| കൃഷി അസിസ്റ്റന്റ് ഡയരക്ടർ | ശ്രീ.വിനോദ് കുമാർ.എം | 01.04.2017 – 27.10.17 |
| | ശ്രീമതി.മീന.ടി.ഡി | 28.10.2017 – 31.3.18 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.പി.പ്രേംകുമാർ | 01.04.2017–23.07.2017 |
| | ശ്രീ രവിരാജ്.കെ.വി | 24.07.2017–27.09.2017 |
| | ശ്രീമതി.ശ്രീലത.കെ | 28.09.2017–31.03.2018 |
| മെഡിക്കൽഓഫീസർ, ചെറുവാടി സി എച്ച് സി | ഡോ.സുഗതകുമാരി.പി.സി | 01.04.2017–31.03.2018 |
| മെഡിക്കൽഓഫീസർ, ചെറൂപ്പ | ഡോ.ബിന്ദു.വി | 01.04.2017–31.03.2018 |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി.ടി.ഗീത | 01.04.2017–31.03.2018 |
| ശിശു വികസന പദ്ധതി ഓഫീസർ (കുന്ദമംഗലം അഡീഷണൽ) | ശ്രീമതി.സുജല.ആർ.എ | 01.04.2017–31.03.2018 |
| വ്യവസായ വികസന ഓഫീസർ | ശ്രീ.രാധാകൃഷ്ണൻ.കെ | 01.04.2017–30.06.2017 |
| | ശ്രീ.അഹമദ് നയീം | 18.07.2017–31.03.2018 |
| ക്ഷീര വികസന ഓഫീസർ | ശ്രീ.സനിൽകുമാർ.പി | 01.04.2017–31.03.2018 |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക നമ്പർ | ഖണ്ഡിക |
|---|---|---|
| ഭാഗം-1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 9 | 1-9 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| ഭാഗം 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 10 | 2-1 | ധനകാര്യ സ്ഥിരം സമിതി- മേഖലകളിലെ ഇടപെടൽ കാര്യക്ഷമമല്ല |
| 11 | 2-2 | രസീതു പിരിവ് - കൃത്യത പരിശോധിക്കാൻ സംവിധാനമില്ല |
| 12 | 2-3 | ലേലങ്ങൾ യഥാസമയം നടക്കുന്നില്ല |
| ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 3-1 | സാധനങ്ങളുടെ സമാഹരണം സർക്കാർ നിർദ്ദേശപ്രകാരമല്ല- പ്രൊക്യുർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല |
| 14 | 3-2 | പൊതു മരാമത്ത് പ്രവർത്തികൾ സമയ ബന്ധിതമായി പൂർത്തിയാകുന്നില്ല- പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ച്ച |
| 15 | 3-3 | പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല |
| 16 | 3-4 | കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല |
| 17 | 3-5 | പ്രവർത്തി പൂർത്തിയാക്കുന്നതിൽ കാല താമസം കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നില്ല. |

| | | |
|---|---|---|
| 18 | 3-6 | കരാറുകാരനിൽ നിന്ന് നിയമാനുസൃത നികുതി ഈടാക്കിയില്ല. |
| 19 | 3-7 | ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം ചെലവ് സംബന്ധിച്ച് |
| 20 | 3-8 | നെൽ കൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല |
| 21 | 3-9 | ആകാശ ഗംഗ കിണർ റീചാർജിങ്ങ് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 22 | 3-10 | ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല |
| 23 | 3-11 | വിതരണം ചെയ്യാത്ത സ്കോളർഷിപ്പ് തുക തിരിച്ചടയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു |
| 24 | 3-12 | മെഡിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കളെ നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല |
| 25 | 3-13 | ഐകെഎം വിഹിതമായി അധികം തുക നൽകി |
| 26 | 3-14 | ഡെപ്പോസിറ്റ് പ്രവൃത്തിയിലേയും സംയുക്ത പ്രോജക്ടുകളിലേയും പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ |
| 27 | 3-15 | സംയുക്ത പ്രോജക്ടിനു നൽകിയ തുക തിരികെ ലഭ്യമാക്കിയില്ല |
| 28 | 3-16 | വിനിയോഗ വിവരം ലഭ്യമല്ല |
| ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 29 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 32 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 33 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 34 | 4-6 | ഓഡിറ്റ് റിക്കവറി |
| 35 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |

| | | |
|---|---|---|
| 36 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 38 | അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.3.17 ലെ 97/17 നമ്പർ തീരുമാനപ്രകാരം പാസ്സാക്കി.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 8.6.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017−18 | 13.08.2018 | നമ്പർ.കെ.എസ്.എ.കെ.കെ.ഡി. ഇ2/1111/18(75) തി. 30.08.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,75,93,365 |
| വരവ് | 9,22,25,504 |
| ആകെ | 11,98,18,869 |
| ചെലവ് | 10,68,93,870 |
| നീക്കിയിരിപ്പ് | 1,29,24,999 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | | 52766341 | 52766341 | 41681167 | 11085174 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 23863000 | 23863000 | 20334315 | 3528685 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 714000 | 714000 | 714000 | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 6692000 | 6692000 | 5418821 | 1273179 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ(ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ഐഎവൈ | | 15450101 | 17098542 | 32548643 | 25083123 | 7465520 |
| പിഎംഎവൈ | | | 2390000 | 2390000 | 2151000 | 239000 |
| ഐഡബ്ല്യൂഎംപി | | 806443 | 551556 | 1357999 | 1296913 | 61086 |
| എസ്ജിഎസ്.വൈ | | 355710 | 6928 | 362638 | 362638 | 0 |
| ടിഎസ് സി | | 850778 | 121083 | 971861 | 80011 | 891850 |
| എസ് ഇ സി സി | | 199124 | 5259 | 204383 | 204383 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ്(*) | | 3041396 | 3825247 | 6866643 | 6297898 | 568745 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5684040 | 647652 | 6331692 | 305214 | 6026478 |
| | ട്രഷറി അക്കൗണ്ട് | | | | | |
| മറ്റിനം | | | | | | |
| ഷോപ്പിംഗ് കോംപ്ലക്സ് | | 1285722 | 322955 | 1608677 | 1593427 | 15250 |
| സാക്ഷരത ടിഎജി | | 27794 | 930 | 28724 | 18233 | 10491 |

മേൽ കാണിച്ച വരവുകൾ വാർഷിക കണക്കുമായി വ്യത്യാസപ്പെട്ടിരിക്കുന്നത് വാർഷിക കണക്കിന്റെ അപാകതകളിൽ വിശദീകരിച്ചിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 127 | 139289901 | 45 | 68148303 | 43 | 39 | 35% |

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.8.2018 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലാത്തത് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

(1)ചെക്കുകൾ നല്കിക്കഴിഞ്ഞാൽ ആയത് പണമാക്കുന്നത് വരെ നിരീക്ഷിക്കുകയോ നിശ്ചിത കാലാവധിക്കു ശേഷം സ്റ്റേൽ ചെക്ക് വിഭാഗത്തിൽപ്പെടുത്തുകയോ ചെയ്യുന്നില്ല

(2)പഞ്ചായത്തിനുള്ള ബാങ്ക് അക്കൗണ്ടുകളുടെ ലിസ്റ്റിങ്ങ് നടത്തിയിട്ടില്ല.

(3) ഐസിഡിഎസ്, എസ്എസ്എ പോലുള്ള ഫണ്ടുകളുടെ വരവ് ആയതിനായുള്ള അക്കൗണ്ടുകളിലൂടെയാണോ എന്ന് ഉറപ്പു വരുത്തുന്നില്ല.

(4)പാസ് ബുക്ക് – ബാങ്ക് ബുക്ക് റിക്കൺസിലിയേഷൻ നടത്തുന്നതിൽ ശരിയായ വിവരങ്ങൾ രേഖപ്പെടുത്തിയില്ല

(5)രശീതികളുടെ സ്റ്റേഷനറി സൂക്ഷിപ്പും ഉപയോഗവും ക്രമപ്രകാരമല്ല

(6)പ്രോക്യൂർമെന്റ് ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ഒരു വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി നിർണയിച്ച് പ്രോക്യൂർമെന്റ് പ്ലാൻ പ്രോക്യൂർമെന്റ് ബഡ്ജറ്റ് എന്നിവ ഉണ്ടാക്കിയിട്ടില്ല. വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത വാങ്ങൽ രീതികൾ അവലംബിക്കുന്ന രീതിയാണുള്ളത്. പല വാങ്ങലുകളും പ്രോക്യൂർമെന്റ് കമ്മറ്റി വിലയിരുത്തുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്യുന്നില്ല.

(7)സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന ഇനങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തി വീണ്ടും അതേയിനം വാങ്ങുമ്പോൾ കൂട്ടിച്ചേർത്ത് കൃത്യമായി എണ്ണം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഫർണിച്ചറുകൾ കമ്പ്യൂട്ടറുകൾ പോലുള്ള ആസ്തികൾ വാർഷിക കണക്കെടുപ്പ് നടത്താത്തിനാൽ നിലവിലുള്ള ആസ്തി വിവരം ലഭ്യമല്ല.

(8)നിഷ്ക്രിയമായതും പഴകി ഉപയോഗശൂന്യമായതുമായ ആസ്തികൾ കണ്ടുപിടിക്കുന്നതിനും ആയവ യഥാവിധി ഡിസ്പോസ് ചെയ്യുന്നതിനും നടപടികളെടുത്തിട്ടില്ല. ആസ്തികൾ നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിച്ചതായോ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ആയത് ചർച്ച ചെയ്തതായോ രേഖകളില്ല.

(9) സ്ഥാവര ജംഗമ ആസ്തികൾക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

(10)20.7.18 ന് മാത്രമാണ് രസീത് പിരിവ് മേൽ നോട്ട ചുമതല ഹെഡ് ക്ലാർക്കിനും, അസി സെക്രട്ടറിക്കും

അക്കൗണ്ടന്റിനും നല്കുന്നത്. അക്കൗണ്ടന്റ് മാത്രമാണ് ഡേ ബുക്ക് പരിശോധന നടത്തുന്നത്. 20.7.18 ന് വിശദമായ ഓഫീസ് ഉത്തരവ് തയ്യാറാക്കിയിട്ടുണ്ട്. മേൽ ചുമതലകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.12.17 | 1.6.17-22.12.17 | 174/ഡിപിഎഎൻ/18<br>Dt. 15.3.18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.1.15 | 2009-10 to 2013-14 | LBA(HQ)VI/8A/2268/157<br>Dt.23.4.15 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

വാർഷിക കണക്ക് പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു

1. എ.സി.ആർ പ്രകാരം വികസന ഫണ്ട് പൊതു വിഭാഗം വരവ് 41681167/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ റസീറ്റ് ആൻഡ് പെയ്മെന്റ് പത്രിക പ്രകാരം 42423105/- രൂപയാണ് രേഖപ്പെടുത്തിയത്
2. എ.സി.ആർ പ്രകാരം വികസന ഫണ്ട് എസ് സി പി വരവ് 20334315/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ റസീറ്റ് ആൻഡ് പെയ്മെന്റ് പത്രിക പ്രകാരം 19592377/- രൂപയാണ് രേഖപ്പെടുത്തിയത്
3. എസ്ജിആർവൈ അക്കൗണ്ടിൽ 2653 രൂപ മുന്നിരിപ്പായുണ്ടായിരുന്നു. ആയത് റസീറ്റ് ആൻഡ് പെയ്മെന്റ് പത്രികയിലെ 40(a) ഷെഡ്യൂളിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയില്ല. (28.2.18 നാണ് മേൽ അക്കൗണ്ട് ക്ലോസ് ചെയ്തത്.)
4. ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാനായില്ല.
5. ആസ്തി രജിസ്റ്റർ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി പൂർണ്ണമാക്കിയിട്ടില്ല.
6. ഐഎവൈ അക്കൗണ്ട് (പിഎൻബി), എസ്ബിടി 57012759553 നമ്പർ അക്കൗണ്ട് എന്നിവയിൽ നീക്കിയിരിപ്പ് റിക്കൺസിലിയേഷൻ നടത്തിയത് തെറ്റാണ്. ഈ രണ്ട് അക്കൗണ്ടുകളിലും ബാങ്ക് ബുക്ക്, പാസ്ബുക്ക് നീക്കിയിരിപ്പിന്റെ വ്യത്യാസത്തിനു കാരണമായി കാണിച്ച പണമാക്കാത്ത ചെക്കുകളിലെ തുകയുടെ വിവരണത്തിലെ ചെക്കുകളിലെ തുക ആയവയുടെ ചെക്ക് ഇഷ്യൂ രജിസ്റ്ററുമായി പരിശോധിച്ചപ്പോൾ വ്യത്യസ്തമാണെന്നു കണ്ടു.
   ജനറൽ പർപ്പസ് ഗ്രാന്റ്/തനത് ഫണ്ടിന്റെ എ സി ആർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ അതിന്റെ മുന്നിരിപ്പ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത പരിശോധിക്കാനായില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ധനകാര്യ സ്ഥിരം സമിതി- മേഖലകളിലെ ഇടപെടൽ കാര്യക്ഷമമല്ല

1994 കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162എ(ബി) പ്രകാരം ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ ധനകാര്യം, കണക്കുകൾ, ഓഡിറ്റ്, ബജറ്റ്, പൊതുഭരണം തുടങ്ങി വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത് ധനകാര്യ സ്ഥിരം സമിതിയാണ്. ഇവ കൂടാതെ മറ്റു സ്ഥിരം സമിതികൾ ചെയ്യാത്ത ഏതൊരു വിഷയവും കൈകാര്യം ചെയ്യേണ്ടതും ധനകാര്യ സ്ഥിരം സമിതിയാണ്. ഇത്തരത്തിൽ ഒരു തദ്ദേശ സ്ഥാപനത്തിന്റെ മർമ്മ പ്രധാന മേഖലകൾ കൈകാര്യം ചെയ്യുന്ന ധനകാര്യ സമിതിയുടെ ഈ മേഖലകളിലെ ഇടപെടൽ കാര്യക്ഷമമല്ലെന്ന് ശ്രദ്ധയിൽപ്പെടുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

ധനകാര്യം/ബജറ്റ്

ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ യഥാർത്ഥ ധനസ്ഥിതിയും, പദ്ധതി പ്രവർത്തനങ്ങളും വെളിപ്പെടുന്നതായിരിക്കണം ആ സ്ഥാപനത്തിന്റെ ബജറ്റ്. ഇവ തയ്യാറാക്കുന്നതിനായി മറ്റു സ്ഥിരം സമിതികളുടെ അഭിപ്രായങ്ങളുൾപ്പെടുത്തി, സെക്രട്ടറി തയ്യാറാക്കുന്ന ബജറ്റ് എസ്റ്റിമേറ്റ് സസൂക്ഷ്മം വിശകലനം നടത്തി, യാഥാർത്ഥ്യ ബോധത്തോടെയാണ് തയ്യാറാക്കിയിരിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടത് ധനകാര്യ സ്ഥിരം സമിതിയാണ്. 2017-18 വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച രേഖകളൊന്നും ബ്ലോക്ക് പഞ്ചായത്തിന് ഹാജരാക്കാനായില്ല എന്നത് ബജറ്റ് തയ്യാറാക്കുന്നതിലെ പോരായ്മ വ്യക്തമാക്കുന്നു. ഒരു സ്ഥാപനത്തിന് ഒരു വർഷത്തിൽ ലഭിക്കാനിടയുള്ളതും, ചെലവഴിക്കേണ്ടി വരുന്നതുമായ തുകകളുടെ പ്രതിഫലനവും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കപ്പെട്ട പദ്ധതി, പദ്ധതിയിതര ശുപാർശകളും ഉൾപ്പെടുന്നതുമായിരിക്കണം ആ സ്ഥാപനത്തിന്റെ ബജറ്റ്. തങ്ങളുടെ സ്ഥാപനത്തിന്റെ ധനസ്രോതസ്സുകൾ വിലയിരുത്തി അവ യഥാവിധം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ചെലവുകൾ ബജറ്റിനടിസ്ഥാനപ്പെടുത്തിയാണോ എന്ന് പരിശോധിക്കേണ്ടതും ധനകാര്യ സ്ഥിരം സമിതിയാണ്. 2017-18 വർഷത്തെ ബജറ്റ് പ്രകാരം വിവിധ ഷോപ്പുകൾ/കെട്ടിടങ്ങളിൽ നിന്നും തൻവർഷം ലഭിക്കാവുന്ന വരവായി ഉൾപ്പെടുത്തിയിരിക്കുന്നത് 18,00,000/- രൂപയാണ്. എന്നാൽ തൻവർഷത്തെ വാർഷിക കണക്കു പ്രകാരം ഈയിനത്തിൽ ആകെ ലഭിച്ചിരിക്കുന്നത് 20,500/- (14,000+6500)രൂപ മാത്രമാണ്. ഈ ഉദാഹരണത്തിൽ നിന്നുതന്നെ ബജറ്റ് തയ്യാറാക്കുന്നത് യാഥാർത്ഥ്യ ബോധത്തോടെയല്ല എന്ന് വ്യക്തമാവുന്നു.

കണക്കുകൾ

സ്ഥാപനത്തിന്റെ കണക്കുകളുടെ കൃത്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തി, വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിക്കുന്നതിനുള്ള നടപടികൾക്ക് മുൻകൈയെടുക്കേണ്ടത് ധനകാര്യ സ്ഥിരം സമിതിയാണ്. മുൻവർഷ വാർഷിക കണക്കുകളിലുണ്ടായിട്ടുള്ള അപാകതകളെക്കുറിച്ചോ, കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിനെ സംബന്ധിച്ചോ ഒരു ചർച്ചയും സ്ഥിരം സമിതിയിൽ ഉണ്ടാകുന്നില്ല. എല്ലാ മാസത്തേയും വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി നൽകുന്നത് അംഗീകരിക്കുന്നതും, ചെലവുകൾക്ക് അനുമതി നൽകലും മാത്രമാണ് സ്ഥിരം സമിതിയോഗത്തിന്റെ പരിഗണനയ്ക്കു വരുന്നത്.

ഓഡിറ്റ്

വിവിധയിനം ഓഡിറ്റുകൾ സ്ഥാപനത്തിൽ കാലകാലങ്ങളിൽ നടക്കുന്നുണ്ടെങ്കിലും ഈ മേഖലയിൽ യാതൊരു ഇടപെടലും സ്ഥിരം സമിതി ഭാഗത്തുനിന്നുണ്ടാകുന്നില്ല. ഓഡിറ്റ് ഏജൻസികൾ ചൂണ്ടികാണിച്ച/ നിർദ്ദേശിച്ച വിഷയങ്ങളിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിനോ, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനോ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല.

പൊതുഭരണം

ഒരു തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് ധനകാര്യ സ്ഥിരം സമിതിയുടെ പങ്ക് സുപ്രധാനമാണ്. ഓഡിറ്റ് കാലയളവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം വിലയിരുത്തിയതിൽ, ജീവനക്കാർക്ക് കൃത്യമായ ജോലിവിഭജന രേഖ പോലും ഉണ്ടായിരുന്നില്ല. കൂടാതെ പണം പിരിവ് സംവിധാനത്തിന് കൃത്യമായ മേൽനോട്ടമോ, പിരിവിന്റെ കൃത്യത ഉറപ്പു വരുത്തുന്നതിന് സംവിധാനമോ നിലവിലില്ല. സ്ഥാപനത്തിന്റെ തനതുവരുമാന വർദ്ധന മുൻനിർത്തി ആരംഭിച്ച ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നിലവിൽ സ്ഥാപനത്തിന് ബാധ്യതയായി മാറുന്ന

അവസ്ഥയാണ്. കെട്ടിടം നിർമ്മിച്ച നൽകിയ കരാറുകാരനും, മുറികൾ ലേലത്തിനെടുത്ത വ്യക്തികളും തദ്ദേശ സ്ഥാപനവുമായി വിവിധ വ്യവഹാരങ്ങൾ നിലനിൽക്കുന്നു. ഇവയൊന്നും യഥാസമയം തീർപ്പാക്കുന്നതിനുള്ള നടപടികളോ, ഇതുസംബന്ധിച്ച ചർച്ചകളോ സ്ഥിരം സമിതിയുടെ മീറ്റിംഗുകളിൽ ഉണ്ടാകുന്നില്ല.

മുകളിൽ വിവരിച്ച രീതിയിൽ ഒരു തദ്ദേശ സ്ഥാപനത്തിന്റെ സുപ്രധാന മേഖലകൾ കൈകാര്യം ചെയ്യുന്ന ധനകാര്യ സമിതിയുടെ ഈ മേഖലകളിലെ ഇടപെടൽ കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 <u>രസീതു പിരിവ് - കൃത്യത പരിശോധിക്കാൻ സംവിധാനമില്ല</u>

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിൽ വളരെ തുച്ഛമായ വരവാണ് രസീതി മുഖേനയുള്ളുവെങ്കിലും രസീതി പിരിവിന്റെ കൃത്യത പരിശോധിക്കുന്നതിന് ശരിയായ സംവിധാനം നിലവിലില്ല. ഓഡിറ്റിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- <u>സ്ഥാപനത്തിൽ സ്വീകരിക്കുന്ന പണത്തിന് ബന്ധപ്പെട്ട വ്യക്തികൾക്ക് രസീത് നൽകുന്നില്ല</u>. 2011 കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 20(ബി) പ്രകാരം പഞ്ചായത്തിൽ സ്വീകരിക്കുന്ന ഏതൊരു പണത്തിനും ബന്ധപ്പെട്ട അധികാരി (സെക്രട്ടറി/ നിർവ്വഹണദ്യോഗസ്ഥൻ) സാക്ഷ്യപ്പെടുത്തിയ രസീത് നൽകേണ്ടതുണ്ട്. എന്നാൽ രസീതുകളുടെ പരിശോധനയിൽ ഇത്തരത്തിൽ എല്ലാ പിരിവുകൾക്കും രസീത് പ്രിന്റ് ചെയ്ത് നൽകുന്നില്ല എന്നു കണ്ടു. ഉദാഹരണമായി, 2017നവംബർ 17 ന ശ്രീ.ബാലസുബ്രമണ്യൻ എന്നയാൾക്ക് 117010100021 നമ്പർ രസീത് (അദർ റെസീറ്റ്സ് എന്ന ഹെഡിൽ) 0055606 നമ്പർ സ്റ്റേഷനറിയിലാണ് പ്രിന്റ് ചെയ്ത് നൽകിയിട്ടുള്ളത്. തുടർന്നുള്ള 0055607 എന്ന സ്റ്റേഷനറിയിൽ പ്രിന്റ് ചെയ്തിരിക്കുന്നത് 2017 നവംബർ 21തിയ്യതിയിലുള്ള 117010100023 നമ്പർ രസീതാണ്. അതായത് ഈ രണ്ടു രസീതിയിടയിലുള്ള 117010100022 നമ്പർ രസീതിന് പ്രിന്റ് നൽകിയിട്ടില്ല.
- <u>പണമടച്ച സാക്ഷ്യപത്രം നൽകുന്നതിന് സാംഖ്യ സ്റ്റേഷനറികൾ ഉപയോഗിക്കുന്നു</u>. 2011ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 20(ഇ)പ്രകാരം രസീതുകളുടെ പകർപ്പ് ഒരു കാരണവശാലും നൽകാൻ പാടില്ല. പകരം പണമടച്ചതിന് സാക്ഷ്യപത്രം നൽകേണ്ടതാണ്. ഇത്തരത്തിൽ പണമടച്ചത് സാക്ഷ്യപ്പെടുത്തി നൽകുന്നതിന് സാംഖ്യ സ്റ്റേഷനറി ഉപയോഗിക്കുന്നു.
- സാംഖ്യ രസീതികളുടെ കൗണ്ടർ ഫോയിലുകൾ പരിശോധനയ്ക്കായി ക്രമപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പരിശോധനയ്ക്കായി ലഭിച്ച രസീതികളിൽ 17 രസീതുകളുടെ കൗണ്ടർ ഫോയിൽ ലഭ്യമല്ല. അതുകൊണ്ടുതന്നെ ഈ രസീതി നമ്പറുകൾ മുഖേന പിരിച്ചെടുത്ത തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
- സാംഖ്യ രസീതിയ്ക്കായി ഉപയോഗിക്കുന്ന സ്റ്റേഷനറികളുടെ വിനിയോഗം സംബന്ധിച്ച് രേഖകളൊന്നും സൂക്ഷിക്കുന്നില്ല. സ്റ്റേഷനറി ലഭ്യമായ സമയം സ്റ്റോക്കിലെടുത്തതല്ലാതെ ഓരോ ദിവസവും ഉപയോഗിക്കുന്ന സ്റ്റേഷനറി സംബന്ധിച്ച വിശദാംശം ലഭ്യമല്ല. പരിശോധനയ്ക്കായി ലഭ്യമാക്കിയ സ്റ്റേഷനറികളിൽ വിവിധ നമ്പറിലുള്ള 15 ഓളം സ്റ്റേഷനറികൾ കാണ്മാനില്ല.

മേൽ വിവരിച്ച രീതിയിൽ വളരെ കുറച്ച് മാത്രം പണം വരവ് ഉണ്ടായിട്ടും ആയതിന്റെ കൃത്യത ഉറപ്പാക്കാൻ പറ്റാത്ത വിധത്തിലുള്ള സ്ഥിതി നിലനിൽക്കുന്നത് ഗുരുതര വീഴ്ചയാണ്. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 2-3 <u>ലേലങ്ങൾ യഥാസമയം നടക്കുന്നില്ല</u>

ബ്ലോക്ക് പഞ്ചായത്തിനു കീഴിലെ ആസ്തികളിൽ നിന്നും പൊളിച്ചു മാറ്റിയതും ബാക്കിയായതുമായ വസ്തുക്കൾ ലേലം ചെയ്യാൻ ഭരണ സമിതി തീരുമാനമെടുത്തുവെങ്കിലും ആയത് ലേലം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. വിശദ വിവരം താഴെ പറയുന്നു.

1. <u>മാവൂർ പറമ്പത്ത് കുടിവെള്ള പദ്ധതി</u>

മാവൂർ പറമ്പത്ത് കുടിവെള്ള പദ്ധതിയുടെ ബാക്കിയായ പൈപ്പുകൾ ലേലം ചെയ്യാൻ 14.8.17, 31.10.2017 ലെ ഭരണസമിതി യോഗത്തിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.

2. സി.എച്ച്.സി ചെറുവാടി

സി.എച്ച്.സി ചെറുവാടിയിലെ 2015-16 ൽ അറ്റകുറ്റപ്പണി നടത്തിയതിന്റെ ഭാഗമായി പൊളിച്ചുമാറ്റിയ സാധനങ്ങൾ ലേലം ചെയ്യാൻ 22.6.2017 ലെ ഭരണസമിതി യോഗത്തിൽ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു.

3. മിനിസിവിൽ സ്റ്റേഷൻ പരിസരം

ബ്ലോക്ക് പഞ്ചായത്ത് സ്ഥലം വിട്ടുനൽകി നിർമ്മിക്കപ്പെടുന്ന മിനി സിവിൽ സ്റ്റേഷൻ പരിസരത്തുള്ള മണ്ണ് ലേലം ചെയ്യാൻ 22.7.2017, 23.1.18 എന്നി തിയ്യതികളിൽ ഭരണസമിതി യോഗത്തിൽ തീരുമാനമെടുത്തു.

എന്നാൽ മേൽ തീരുമാനങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയിട്ടില്ല. എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കിയെന്ന് ഉറപ്പു വരുത്തുന്നതിനുള്ള സംവിധാനങ്ങളിലെ പാളിച്ചയാണ് മേൽ കാലതാമസം സൂചിപ്പിക്കുന്നത്. ആസ്തികൾ ലേലം ചെയ്യുന്നതിലെ കാലതാമസം അവയുടെ നാശത്തിനും അതുവഴി ലഭിക്കുന്ന വരവിന്റെ കുറവിനും ഇടയാക്കും. മേൽ ആസ്തികൾ ലേലം ചെയ്ത് വരവ് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സാധനങ്ങളുടെ സമാഹരണം സർക്കാർ നിർദ്ദേശപ്രകാരമല്ല- പ്രൊക്യൂർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല

തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള വാങ്ങലുകൾ ഓരോ വർഷവും നടത്തേണ്ടതായി വരും. അവ പദ്ധതി രൂപീകരണസമയത്തു തന്നെ തയ്യാറാക്കുകയും, ആയതിനനുസരിച്ച് പ്രൊക്യൂർമെന്റ് പദ്ധതി (പ്രൊക്യൂർമെന്റ് പ്ലാൻ) തയ്യാറാക്കുകയും വേണം. ഫലപ്രദമായ ബജറ്റ് നടപ്പാക്കലിനും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പാക്കുന്നതിനും പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. സ്ഥാപനത്തിൽ ഇതിനായി ടെക്നിക്കൽ ടീം, പ്രൊക്യൂർമെന്റ് ടീം, പ്രൊക്യൂർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതുണ്ട്. ടെക്നിക്കൽ ടീം(വർക്കിംഗ് ഗ്രൂപ്പ്) ആണ് സാധനങ്ങളുടെ ആവശ്യകതയും, സ്പെസിഫിക്കേഷനും അടക്കം പ്രഥമികകാര്യങ്ങൾ തീരുമാനിക്കേണ്ടതെങ്കിൽ, ഇവ കൃത്യമായി പ്രൊക്യൂർമെന്റ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരേണ്ടതും, മാർഗ്ഗരേഖയ്ക്കനുസരിച്ച് നടപടിക്രമങ്ങൾ ഉറപ്പുവരുത്തേണ്ടതും പ്രൊക്യൂർമെന്റ് ടീം ആണ്. ഇവർ സമർപ്പിക്കുന്ന പർച്ചേസ് പ്രൊപ്പോസലുകൾ സ്കൂട്ടിനൈസ് ചെയ്യേണ്ടതും, ഇവയ്ക്ക് അംഗീകാരം നൽകേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. എന്നാൽ ഈ പ്രൊക്യൂർമെന്റ് ഘടകങ്ങളുടെ പ്രവർത്തനം കാര്യക്ഷമല്ല എന്നതാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

- ഒരേയിനം സാധനസാമഗ്രികൾ വിവിധ നിർവ്വഹണോദ്യോഗസ്ഥർ വാങ്ങുന്ന സംഗതിയിൽ തദ്ദേശസ്ഥാപനത്തിന്റെ ആകെ ആവശ്യകത കണക്കാക്കി ഒറ്റ വാങ്ങൽ നടപടിയാണ് നടത്തേണ്ടിയിരുന്നത്. 2013 ലെ കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 7.33.ii(c) പ്രകാരം ഒരു സ്ഥാപനത്തിന്റെ വിവിധ വിഭാഗങ്ങളിലേയ്ക്ക് വേറെ വേറെ ടെണ്ടർ നടപടി സ്വീകരിക്കാതെ ആകെ ആവശ്യമുള്ള സാമഗ്രികളുടെ എണ്ണം തിട്ടപ്പെടുത്തി വാങ്ങൽ നടപടി നടത്തിയാൽ മതി. ഉദാഹരണമായി, സി.ഡി.പി.ഒ. കുന്ദമംഗലം അഡീഷണൽ വാങ്ങിയ രണ്ടു ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളിൽ ഒരെണ്ണത്തിന്റെ വില നികുതിയുൾപ്പെടെ 33,000/- രൂപയാണ് (27,966+5033.88നികുതി). അതേ സമയം സി.ഡി.പി.ഒ. കുന്ദമംഗലം ഡെസ്ക്ടോപ്പ് വാങ്ങിയത് നികുതിയുൾപ്പെടെ 27,599/- രൂപയ്ക്കാണ്. ഒരേ കാറ്റഗറി സ്ഥാപനങ്ങളിലേയ്ക്ക് രണ്ടു നിരക്കിൽ കമ്പ്യൂട്ടറുകൾ വാങ്ങിയപ്പോൾ മാത്രം ബ്ലോക്ക് പഞ്ചായത്തിന് അധിക ചെലവ് ഉണ്ടായത് 10,800/- രൂപയാണ്.

- സി.ഡി.പി.ഒ. കുന്ദമംഗലം അഡീഷണൽ നിർവ്വഹണം നടത്തിയ പ്രോജക്ട് നം എസ്.ഒ.121/18 ൽ (ഐ.സി.ഡി.എസ്. കുന്ദമംഗലം അഡീഷണൽ കാര്യാലയ നവീകരണം) കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും, ഫർണീച്ചറുകൾ, ഫാൻ, വാട്ടർ പ്യൂരിഫെയർ, പുസ്തകങ്ങൾ തുടങ്ങിയവ വാങ്ങിയിരിക്കുന്നത് മുക്കത്തുള്ള പെന്റഗൺ കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് . ഇതിൽ ഫാൻ, വാട്ടർ പ്യൂരിഫെയർ എന്നിവയുടെ വാറണ്ടി കാർഡുകളിൽ മറ്റൊരു സ്ഥാപനത്തിന്റെ മുദ്രയാണ് പതിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ ഈ സാധനങ്ങൾ പെൻന്റഗൺ കമ്പ്യൂട്ടേഴ്സ് മറ്റൊരു സ്ഥാപനത്തിൽ നിന്നും വാങ്ങി സപ്ലൈ ചെയ്തതാണെന്ന് വ്യക്തമാണ്. കേരള സ്റ്റോർ പർച്ചേസ് മാന്വവൽ 2013 ലെ ഖണ്ഡിക 7.33 (ii) പ്രകാരം വാങ്ങുന്ന സാധനങ്ങൾ മേൽ ഉത്തരവിന്റെ അനക്സർ 4ൽ വിവരിക്കുന്ന രീതിയിൽ കൃത്യമായി പ്രത്യേകതരങ്ങളായി തിരിച്ച് (വിവിധ ട്രേഡ് ഗ്രൂപ്പുകളായി)ഓരോ തരത്തിനും പ്രത്യേകം ടെണ്ടർ നൽകുന്നത് മത്സരാധിഷ്ഠിത വാങ്ങലിന് സഹായകമാകും.
- മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ട് നം. : SO141/18(കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ) ൽ ടെണ്ടർ നടപടികൾ ഒഴിവാക്കുന്നതിനായി വാങ്ങൽ നാലായി വിഭജിച്ചിരിക്കുന്നു. പ്രോജക്ടിൽ വകയിരുത്തിയ ആകെ 2,00,000 രൂപയിൽ മുഴുവൻ തുകയും വാങ്ങലിനാണ് ചെലവഴിച്ചത്. എന്നാൽ ടെണ്ടർ നടപടി ഒഴിവാക്കുന്നതിനായി ഇതു നാലു വിഭജിച്ച പർച്ചേസുകളായാണ് നടത്തിയിരിക്കുന്നത്. മെഡിക്കൽ ഉപകരണങ്ങൾക്ക് ഒരു ക്വട്ടേഷനും, സ്പ്രേയർ, ഫോഗ്ഗിംഗ് മെഷീൻ എന്നിവയ്ക്ക് വേറെ വേറെ ക്വട്ടേഷനുകളും, പ്രിന്ററിനായി മറ്റൊന്നും നൽകിയിരിക്കുന്നു. ഇതിൽ സ്പ്രേയർ, ഫോഗ്ഗിംഗ് മെഷീൻ എന്നിവയ്ക്ക് ഒരേ സ്ഥാപനങ്ങളാണ് ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്നതും, അതിൽ ഒരു സ്ഥാപനത്തിൽ നിന്നു തന്നെ രണ്ടിനങ്ങളും വാങ്ങുകയും ചെയ്തു. ഇത്തരത്തിൽ ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാകുന്നതിന് വാങ്ങൽ വിഭജിക്കുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.
- ഇതേ പ്രോജക്ടിൽ കംപാരിറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കാതെ ഉയർന്ന നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ വാങ്ങുന്ന സാഹചര്യമുണ്ടായി. പ്രോജക്ട് മുഖേന മെഡിക്കൽ ഉപകരണങ്ങൾ ബേസ് മെഡിക്കൽ സിസ്റ്റംസ്, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്. എന്നാൽ ഇവിടെ നിന്നും വാങ്ങിയ പകുതിയിലധികം സാധനങ്ങൾക്കും ക്വട്ടേഷനിൽ പങ്കെടുത്ത മറ്റു സ്ഥാപനങ്ങൾ ക്വാട്ട് ചെയ്ത നിരക്കിനേക്കൾ ഉയർന്ന നിരക്കാണ്. ഉദാഹരണമായി, സർജ്ജിക്കൽ സിസ്സേർഴ്സ് (ചെറുത്), സ്യൂച്ചർ റിമൂവർ, നെബുലൈസർ മെഷീൻ, സ്പോട്ട് ലൈറ്റ് എന്നിവയ്ക്ക് ക്വട്ടേഷനിൽ പങ്കെടുത്ത മുക്കം സർജ്ജിക്കൽസ് എന്ന സ്ഥാപനം രേഖപ്പെടുത്തിയ നിരക്കുകൾ യഥാക്രമം 112, 196, 1400, 4680 രൂപയാണ്. ഇത് വാങ്ങിയിരിക്കുന്നതാകട്ടെ യഥാക്രമം 210, 210, 1450, 5300 എന്നീ നിരക്കുകളിലാണ്. ഒരു സ്ഥാപനം ലഭ്യമാക്കിയ വിവിധ ഇനങ്ങളുടെ നിരക്കുകൾ തമ്മിൽ താരതമ്യം നടത്താതെ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയതിന് പ്രൊക്യൂർമെന്റ് ടീമോ, പ്രൊക്യൂർമെന്റ് കമ്മിറ്റിയോ യാതൊരു അഭിപ്രായവും രേഖപ്പെടുത്തിയതായി കണ്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വാങ്ങലുകൾക്കും മരാമത്ത് പ്രവൃത്തികൾക്കുമായി ടെണ്ടർ നോട്ടീസ് നൽകുന്നതിന് വൻ തുക ചെലവഴിച്ചിട്ടുണ്ട്. ഗവ. പരസ്യങ്ങൾക്ക് ലഭിക്കേണ്ട ഡിസ്കൗണ്ട്, കുറഞ്ഞ നിരക്ക് എന്നിവ ഉറപ്പു വരുത്താതെ ഉയർന്ന നിരക്ക് നൽകിയാണ് ഈ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇക്കാര്യം പ്രോക്യൂർമെന്റ് കമ്മറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥരോ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയോ ശ്രദ്ധിച്ചിട്ടില്ല.

മേൽ വിവരിച്ച രീതിയിൽ സ്ഥാപനത്തിൽ നടക്കുന്ന വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് ഘടകങ്ങളുടെ ഇടപെടൽ കാര്യക്ഷമമല്ല. വാങ്ങലുകൾ സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം നടപ്പാക്കാൻ പ്രത്യേക ശ്രദ്ധചെലുത്തേണ്ടതാണ്.

## **3-2** പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാകുന്നില്ല- പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വീഴ്ച

പൊതുമരാമത്ത് മേഖലയിൽ തൻവർഷം 93 പദ്ധതികൾക്ക് അംഗീകാരം നേടിയിട്ടുണ്ട്. അസി.എക്സി.എഞ്ചിനീയറും അസി.എഞ്ചിനീയറും നിർവ്വഹണ ഉദ്യോഗസ്ഥരായി തൻവർഷത്തിൽ 42 സ്പിൽ ഓവർ പ്രവൃത്തികളും 51 പുതിയ പ്രവൃത്തികളും പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ ഇതിൽ 29 പുതിയ പ്രവൃത്തികളും 4 സ്പിൽ ഓവർ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടില്ല. ജി.ഒ.(എം.എസ്)നം72/17/തസ്വഭവ തീയതി 29.03.17 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നമ്പർ 6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കാൻ സാധിക്കാത്തത് പഞ്ചായത്തുകളുടെ വികസനത്തിന് ചെലവഴിക്കേണ്ടിയിരുന്ന ഫണ്ട് ലാപ്സാകുന്നതിന് ഇടയായിട്ടുണ്ട്,

| നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| അസി.എക്സി. എഞ്ചിനീയർ | 54645700 | 25441123 | 46.55 |
| അസി. എഞ്ചിനീയർ | 25664201 | 7178370 | 27.97 |

പദ്ധതി ആസൂത്രണത്തിലെയും നടത്തിപ്പിലെയും വിവിധ ഘട്ടങ്ങളിൽ വരുത്തിയ വീഴ്ചകളാണ് ഇത്തരത്തിൽ ഫണ്ട് പാഴാകുന്നതിനും പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാകാത്തതിനും കാരണമായിട്ടുള്ളത് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

31-05- 2017 ലെ ഡി.പി.സി/41121/2017/കെ.കെ.ഡി നമ്പർ ഉത്തരവ് പ്രകാരം പദ്ധതികൾക്ക് 31-05-2017 ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ വിവിധ കാരണങ്ങളാൽ പദ്ധതി തുടങ്ങുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്.

1) ടെണ്ടർ നടപടികളിലെ കാല താമസം

10-08-2017 ന് ചേർന്ന വികസന സ്റ്റാന്റിങ്ങ് കമ്മറ്റി യോഗത്തിൽ മാത്രമാണ് ആദ്യമായി ടെണ്ടർ നടപടികൾക്ക് ഭരണ സമിതിയോട് ശുപാർശ ചെയ്യാൻ തീരുമാനമെടുക്കുന്നത് അതും 10 പ്രവൃത്തികൾ മാത്രം 12 പ്രവർത്തികൾ 27-10-2017 ലെ മീറ്റിങ്ങിൽ ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. 27-10-17, 11-12-2017, 22-01-2018, 15-02-2018 എന്നീ തിയ്യതികളിൽ റീ ടെണ്ടർ നടത്തുന്നതിന് ഭരണ സമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട്. ടെണ്ടർ സംബന്ധിച്ച പത്ര പരസ്യം 17-08-2017, 07-11-2017, 29-11-2017, 04-01-2018 തുടങ്ങിയ തിയ്യതികളിലെ പത്രങ്ങളിൽ പരസ്യം നൽകിയിട്ടുണ്ട്. അതായത് സാമ്പത്തിക വർഷം അവസാനിക്കുന്ന ഘട്ടങ്ങളിൽ മാത്രമാണ് ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുള്ളത്.

2) കരാർ വയ്ക്കുന്നതിലെ കാല താമസം

സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ മാത്രമാണ് പ്രവൃത്തി നടത്തുന്നതിന് കരാറുകാരുമായി കരാറിൽ ഏർപ്പെടുന്നത്. 2017-18 ലെ 42 സ്പിൽ ഓവർ പ്രൊജക്ടുകൾ ഉണ്ട്. ഈ പ്രവൃത്തികൾക്ക് കരാർ വയ്ച്ചിട്ടുള്ളത് 1/2017, 2/2017 മാസങ്ങളിൽ മാത്രമാണ്. അതേ രീതിയിൽ 2017-18 ലെ പുതിയ പ്രവൃത്തികളിൽ കരാറിൽ ഏർപ്പെടുന്നത് 12/2017, 01/2018, 2/2018 എന്നീ മാസങ്ങളിൽ മാത്രമാണ്. ഇത് 29 പ്രവൃത്തികൾ പൂർത്തീകരിയ്ക്കാൻ സാധിയ്ക്കാത്തതിന് കാരണമായിട്ടുണ്ട്.

3) സ്ഥലം ലഭ്യമാകാതെ പദ്ധതികൾ രൂപീകരിച്ചു

ചില പ്രവൃത്തികൾ സ്ഥലം ലഭ്യമാകാതെയാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് | അടങ്കൽ |
|---|---|
| പോലൂർ തയ്യിൽ താഴം പകൽ വീട് 101/18 | 1670000 |
| മാക്കിനിയോട് കുടിവെള്ള പദ്ധതി 70/18 | 1100000 |
| വെറങ്ങോട്ടിൽ കുടിവെള്ള പദ്ധതി 71/18 | 1000000 |

മേൽപദ്ധതികൾക്ക് സ്ഥലം ലഭ്യമായിട്ടില്ല എന്ന് നിർവഹണ ഉദ്യോഗസ്ഥൻ 10-08-2017 ലെ മീറ്റിങ്ങിൽ വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയെ അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകാതെ പദ്ധതി തയ്യാറാക്കിയത് മേൽ പ്രവൃത്തികൾക്ക് തൻവർഷം തുക ചെലവഴിക്കാൻ കഴിയാതിരുന്നതിന് കാരണമായിട്ടുണ്ട്.

4) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കാല താമസം

ചില പദ്ധതികളിൽ എസ്റ്റിമേറ്റ് പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഉദാഹരണം-

ഉമ്പറ്റ കുടിവെള്ള പദ്ധതി (100/18- അടങ്കൽ- 660000), പോലൂർ തയ്യിൽ താഴം പകൽ വീട് (101/18- അടങ്കൽ- 1670000) എന്നീ പദ്ധതികളുടെ എസ്റ്റിമേറ്റ് ആയിട്ടില്ല എന്ന് ഓവർസീയർ 27-10-17 ന് നടന്ന മീറ്റിങ്ങിൽ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതി തൻവർഷം പൂർത്തിയായിട്ടില്ല.

5) പ്രൊജക്റ്റ് പൂർത്തീകരണ കലണ്ടർ തയ്യാറാക്കുന്നില്ല

ഓരോ പ്രവൃത്തിയും പൂർത്തിയാക്കേണ്ടതിന്റെ കാലപരിധി സംബന്ധിച്ച കലണ്ടർ പ്രൊജക്റ്റിലോ കരാറിലോ രേഖപ്പെടുത്തുന്നില്ല. കരാറുകാർ സെലക്ഷൻ നോട്ടീസ് ലഭിച്ചിട്ട് കരാർ വയ്ക്കുന്നതിലും പ്രവൃത്തി പൂർത്തീകരിക്കുന്നതിലും കാലതാമസം വരുത്തുന്നുണ്ട്. പ്രവൃത്തിക്കായി കരാറുകാർക്ക് സ്ഥലം കൈമാറിയതിന്റെ രേഖകൾ ഒരു പ്രവൃത്തി ഫയലിലും ഇല്ല. പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് വ്യവസ്ഥയില്ലാത്തതിനാൽ കരാറുകാർ സമയ ബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കുന്നില്ല. പദ്ധതികളൊന്നും വികസന സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ നേതൃത്വത്തിൽ മോണിറ്റർ ചെയ്യുന്നില്ല. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ശരിയായ ഇടപെടലുകളുടെ അഭാവം കാരണം പഞ്ചായത്തിന്റെ വികസനാവശ്യങ്ങൾക്ക് വേണ്ടി ചെലവഴിക്കേണ്ടിയിരുന്ന വൻ തുക ലാപ്സായി. ആയതിനാൽ ഇത്തരം നഷ്ടങ്ങളും വികസനപാതയിലെ തടസ്സങ്ങളും ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 3-3 പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തു കൾക്ക്

തുക നൽകിയിട്ടുണ്ട്. പദ്ധതികളുടെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | ബിൽ നമ്പർ തിയ്യതി, തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | ഉറുപ്പാറ വരിക്കാക്കുന്ന് കുടിവെള്ള പദ്ധതി 134/18 കുന്ദമംഗലം ഗ്രാമപഞ്ചായത്തിന് തുക കൈമാറി | 3/17-18 /21-02-2018 700000 | 29-03-17 ലെ ജി.(എം.എസ്)/72/2017/ തസ്വഭവ ഉത്തരവ് മാർഗരേഖ 6.5 പ്രകാരം സംയുക്ത പ്രൊജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടണമെന്ന വ്യവസ്ഥ പാലിച്ചില്ല. പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |
| 2 | മേലെ തടത്തിൽ വെള്ളാരം കുന്ന് കുടിവെള്ള പദ്ധതി 79/18 കുന്ദമംഗലം ഗ്രാമപഞ്ചായത്തിന് തുക കൈമാറി | 42/17-18 /21-02-2018 500000 | |
| 3 | കുരുവട്ടൂർ സാമൂഹ്യ ജലസേചന പദ്ധതി 145/18 കുരുവട്ടൂർ ഗ്രാമപഞ്ചായത്തിന് തുക കൈമാറി | 23/17-18/ 13-10-2017 1000000 | |
| 4 | തേവലം കുന്ന് കുടിവെള്ള പദ്ധതി 154/18 | 43/17-18 /28-02-2018 | |

| | | | |
|---|---|---|---|
| | കുന്ദമംഗലം ഗ്രാമപഞ്ചായത്തിന് തുക കൈമാറി | 1600000 | |
| 5 | ഒടക്കുനീമ്മൽ കുടിവെള്ള പദ്ധതി 44/18<br>മാവൂർ ഗ്രാമപഞ്ചായത്തിന് തുക കൈമാറി | 36/17-18/<br>21-02-2018<br>500000 | |
| 6 | പകൽ വീട് നിർമ്മാണം 68/18<br>കുന്ദമംഗലം ഗ്രാമപഞ്ചായത്തിന് തുക കൈമാറി | 42/17-18/<br>28-02-2018<br>2000000 | നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം തുടങ്ങിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. 29-03-17 ലെ ജി.ഒ(എം.എസ്)/72/ 2017/ തസ്വഭവ ഉത്തരവ് മാർഗരേഖ 6.5 പ്രകാരം സംയുക്ത പ്രൊജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടണമെന്ന വ്യവസ്ഥ പാലിച്ചില്ല. |
| | കുമാരനല്ലൂർ ആരോഗ്യ ഉപകേന്ദ്രം 104/18<br>കാരശ്ശേരി ഗ്രാമപഞ്ചായത്തിന് തുക കൈമാറി | 08/17-18/<br>29-03-2018<br>700000 | |
| 8 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം 66/18 പെരുമണ്ണ ഗ്രാമപഞ്ചായത്തിന് തുക കൈമാറി | 42/17-18/<br>28-02-2018<br>2000000 | |

പദ്ധതികളുടെ രൂപീകരണം മുതൽ ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നത് വരെ പദ്ധതി മോണിറ്റർ ചെയ്യേണ്ട വികസന സ്റ്റാന്റിങ്ങ് കമ്മറ്റി ഇക്കാര്യം പരിശോധിച്ചില്ല. പദ്ധതി മോണിട്ടർ ചെയ്ത് തൽസ്ഥിതി അറിയിക്കേണ്ടതാണ്.

## **3-4** കരാർ വയ്ക്കുന്നതിന് കാലതാമസം - കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല

നിർവ്വഹണം – അസി.എക്സി.എഞ്ചിനീയർ

പൊതുമരാമത്ത് മാന്വൽ ജിഓ(പി)നം.13/2012/പിഡബ്ല്യൂഡി/1.2.12 പ്രകാരം ടെണ്ടർ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതിക്ക് 14 ദിവസത്തിനുള്ളിൽ കരാർ വയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് പിഎസി യുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനുള്ളിൽ കരാർ വയ്ക്കാം. മേൽ കാലപരിധി കഴിഞ്ഞും കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കി ഇഎംഡി കണ്ടു കെട്ടേണ്ടതും കരാറുകാരനെതിരെ ടെണ്ടർ നിബന്ധനകളിൽ പറഞ്ഞ മറ്റു നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ പറയുന്ന പ്രോജക്ടുകളിൽ കരാർ പ്രവൃത്തികൾക്കായി 14 ദിവസത്തിനകം കരാർ വയ്ക്കാത്ത കരാറുകാരനിൽ നിന്നും നിയമാനുസൃത പിഴ

ഈടാക്കാതെയും മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിക്കാതെയുമാണ് കരാർ വച്ചിട്ടുള്ളത്.

| ക്രമ നം | പ്രോജക്ട് | സെലക്ഷൻ നോട്ടീസ് തിയതി | കരാർ വച്ച തിയ്യതി /കരാറുകാരൻ | പിഎസിയുടെ 1% ഫൈൻ തുക |
|---|---|---|---|---|
| 1. | ഈഗിൾ പ്ലാന്റേഷൻ കോളനി റോഡ് 33/18അടങ്കൽ 600000 (ബിൽ-10/17-18 /30.06.17 ,)<br>കരാർ തുക - 474323.813 | 07-12-2016 | AEE/39/16-17<br>12-01-2107<br>ശ്രീ.സി.ടി.രാജേന്ദ്രൻ | 4743/- |
| 2 | കൽപ്പള്ളി-കൽപ്പള്ളിക്കടവ് റോഡ് 27/18 അടങ്കൽ<br>600000<br>(ബിൽ-4/17-18<br>29-06-2017)<br>കരാർ തുക 517321.71 | 07.12.16 | AEE/28/16-17<br>28-12-2107<br>ശ്രീ.രജീഷ് കുമാർ.കെ | 5173/- |
| 3 | മുതുപ്പറമ്പ് കോളനി സമഗ്ര വികസനം 34/18<br>അടങ്കൽ -469000 (ബിൽ-05/17-18<br>30-06-17<br>കരാർ തുക467513 | 13-01-2017 | AEE/49/16-17<br>31-01-2107<br>ശ്രീ.പി.കെ.മൊയ്തീൻ കുട്ടി | 4675/- |
| 4 | പകൽ വീട് നിർമ്മാണം 43/18 അടങ്കൽ 1100000(ബിൽ-/17-18/29-01-18 )<br>കരാർ തുക 910619 | 07-02-2017 | AEE/63/16-17<br>03-03-2107<br>ശ്രീ. ബിജു. എം.ടി | 9106/- |
| 5 | മാമ്പുഴ തോട് സൈഡ് കെട്ടൽ 28/18 അടങ്കൽ 510000 (ബിൽ 3/17-18/<br>29-06-2017<br>കരാർ തുക 506400 | 07.12.16 | AEE/26/16-17<br>26-12-2016<br>ശ്രീ.ടി.പി.റിയാസ് അഹമ്മദ് | 5064/- |
| 6 | മാവൂർ പ്രീമെട്രിക്ക് ഹോസ്റ്റൽ നവീകരണം 40/18അടങ്കൽ - 250000 (ബിൽ നമ്പർ-06/17-18/30-06-17)<br>കരാർ തുക -189275.6 | 07-12-2016 | AEE/38/16-17<br>13-01-2107<br>ശ്രീ.അബ്ദുൾ നാസർ | 1892 |
| 7 | തെങ്ങിലക്കടവ് കുളിമാട് വാട്ടർ ടാങ്ക് റോഡ് 47/18 അടങ്കൽ<br>429000<br>(ബിൽ-2/17-18/<br>29-06-17 )<br>കരാർ തുക 427220 | 07-12-2016 | AEE/33/16-17<br>30-12-2106<br>ശ്രീ.സനിൽ. ബി | 4272 |
| 8 | പന്നിയൂർ കുളം ഇല്ലത്ത് താഴം റോഡ് 25/18 അടങ്കൽ<br>579000<br>(ബിൽ-1/17-18 /29-06-17 )<br>കരാർ തുക 577367.9 | 07-12-2016 | AEE/36/16-17<br>03-01-2107<br>ശ്രീ.അബ്ദുൾ ലത്തീഫ് | 5773 |
| 9 | ചെറൂപ്പ വിപണന കേന്ദ്രം 53/18 അടങ്കൽ-969000 | 13-01-2017 | AEE/48/16-17 | 8423 |

| | | | | |
|---|---|---|---|---|
| | (ബിൽ-67/17-18/<br>20-03-18 )<br>കരാർ തുക 842352.345 | | 29-01-2107<br>ശ്രീ.നിയാസ്.പി.കെ | |
| 10 | ചീനിക്കുഴി കുളങ്ങര റോഡ് 26/18 അടങ്കൽ 500000<br>(ബിൽ-41/17-18 /<br>28-02-18 )<br>കരാർ തുക – 456423.236 | 07-12-2016 | AEE/37/16-17<br>03-01-2107<br>ശ്രീ.ഷിനിൽ.സി | 4564 |
| 11 | സുബ്രമണ്യ മംഗലം റോഡ് 23 /18<br>അടങ്കൽ -500000<br>(ബിൽ-39/17-18/<br>22-02-18 )<br>കരാർ തുക – 423800.979 | 07-02-2016 | AEE/14/16-17<br>23-12-2016<br>ശ്രീ.ബിജു.എം.ടി | 4238 |
| 12 | പട്ടർ ചോല കൂടം പൊയിൽ അങ്കണവാടി റോഡ് 54/18 അടങ്കൽ<br>484000<br>(ബിൽ-45/17-18/<br>09-03-2018 )<br>കരാർ തുക – 476216.19 | 07-12-2016 | AEE/31/16-17<br>30-12-2107<br>ശ്രീ. ഷൗക്കത്തലി.യു | 4762 |
| 13 | പുതുക്കുടി മുക്ക് കല്ലിട്ടുമ്പിൽ താഴം റോഡ് 24/18 അടങ്കൽ<br>512000<br>(ബിൽ-40/17-18<br>28-02-18 )<br>കരാർ തുക-507347.98 | 07-12-2016 | AEE/22/16-17<br>24-12-2016<br>ശ്രീ.നാരായണൻ.കെ.പി | 5073 |
| 14 | ഈച്ചമ്പാട് കോളനി സ മഗ്ര വികസനം 29/18 അടങ്കൽ -482000<br>(ബിൽ-29/17-18<br>26-03-18)<br>കരാർ തുക -480039.88 | 07-12-2016 | AEE/34/16-17<br>30-12-2016<br>ശ്രീ.സനിൽ.ബി | 4800 |
| 15 | ചുലാം വയൽ അക്കനാടൻ കുഴിറോഡ് 21/18<br>അടങ്കൽ -432000<br>(ബിൽ-13/17-18 /<br>25-08-2017)<br>കരാർ തുക- 428419.5 | 13-01-2017 | AEE/52/16-17<br>31-01-2107<br>ശ്രീ.നാരായണൻ.കെ.പി | 4284 |
| 16 | കുവപ്പാറ കോളനി സമഗ്ര വികസനം<br>32/18<br>അടങ്കൽ -410000<br>(ബിൽ-46/17-18 /<br>17-03-2018) | 07-12-2016 | AEE/08/16-17<br>23-12-2016<br>ശ്രീ.നാരായണൻ.കെ.പി | 4041 |

| | | | | |
|---|---|---|---|---|
| | കരാർ തുക- 404124.75 | | | |
| 17 | പോല്യർ നടമ്മൽ റോഡ് 20/18<br>അടങ്കൽ -496000<br>(ബിൽ-08/17-18 /<br>30-06-2017)<br>കരാർതുക-492393.46 | 07-12-2016 | AEE/20/16-17<br>24-12-2016<br>ശ്രീ.നാരായണൻ.<br>കെ.പി | 4923 |
| 18 | ുവ്വപ്പാറ എസ്.സി. കോളനി റോഡ് .48/18<br>അടങ്കൽ -432000<br>(ബിൽ-28/17-18 /<br>29-01-2018)<br>കരാർ തുക- 408394.101 | 13-01-2017 | AEE/51/16-17<br>31-01-2107<br>ശ്രീ.നാരായണൻ.<br>കെ.പി | 4083 |
| 19 | മൈസൂർ മല അങ്കണവാടി കെട്ടിട നിർമ്മാണം 14/18<br>അടങ്കൽ -650000<br>(ബിൽ-48/17-18 /<br>17-03-2018)<br>കരാർ തുക- 649665.13 | 15-06-2016 | AEE/04/16-17<br>20-07-2016<br>ശ്രീ.അലക്സ് ജോർജ് | 6496 |
| 20 | മുണ്ടയിൽ മീത്തൽ കോളനി സമഗ്ര വികസനം -31/18<br>അടങ്കൽ -409000<br>(ബിൽ-17/17-18 /<br>22-09-2017)<br>കരാർ തുക- 407447.3 | 07-12-2016 | AEE/32/16-17<br>30-12-2016<br>ശ്രീ.മുഹമ്മദ് സാദത്ത്.<br>പി | 4074 |
| 21 | സി.എച്ച്.സി ചെറൂപ്പ ഫാർമസി നവീകരണം 44/18<br>അടങ്കൽ -2000000<br>(ബിൽ-16/17-18 /<br>22-09-2017)<br>കരാർ തുക-1630792.79 | 07-02-2017 | AEE/59/16-17<br>22-02-2107<br>ശ്രീ.ഹനീഫ. പി | 16307 |
| | ആകെ | | | 116766 |

കരാർ വയ്ക്കാൻ വൈകിയതിന് കാരണം കാണിക്കുകയോ ആയത് അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയും വർക്കിംഗ് ഗ്രൂപ്പും മോണിറ്ററിംഗ് നടത്തിയിട്ടില്ല. 2016-17 ൽ സ്പിൽ ഓവർ ആയ പ്രവർത്തികളാണ് ഇവ. കരാർ വയ്ക്കുന്നതിന് കാലതാമസമുണ്ടാകുമ്പോൾ കരാറുകാർക്കെതിരെ നടപടികൾ എടുക്കാത്തത് പദ്ധതി സമയബന്ധിതമായി നടപ്പിലാകുന്നതിന് തടസ്സമാകുകയും ചെയ്യുന്നുണ്ട്. നിയമാനുസൃത പിഴകൾ ഈടാക്കി അറിയിക്കേണ്ടതാണ്

## 3-5 പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ മരാമത്ത് പ്രവൃത്തികൾ ടെണ്ടർ നടപടികളിലൂടെ കരാറുകാർക്ക് നൽകുമ്പോൾ സ്വീകരിയ്ക്കേണ്ട നടപടിക്രമങ്ങൾ പാലിയ്ക്കാത്തതു മൂലം പ്രവൃത്തികൾ പലതും സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കേണ്ട സമയം സംബന്ധിച്ച് പ്രൊജക്ട് കലണ്ടർ കരാറിനോടൊപ്പം ഇല്ല. പ്രവർത്തി ആരംഭിയ്ക്കുന്നതിനായി സ്ഥലം കരാറുകാർക്ക് കൈമാറുന്നത് സംബന്ധിച്ച് രേഖകളൊന്നും ഒരു പ്രവൃത്തി ഫയലിലും ഇല്ല. വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി വർക്കിംഗ് ഗ്രൂപ്പുകൾ വഴി പ്രവൃത്തി പുരോഗതി മോണിട്ടറിംഗ് നടത്തി വൈകിയ പ്രവൃത്തികളിൽ നിർദ്ദേശങ്ങൾ നല്കുകയോ നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാർക്കെതിരെ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയ പ്രവർത്തികളിൽ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് | കരാർ | പ്രവർത്തി പൂർത്തിയാക്കിയ തിയ്യതി | ചെലവ് |
|---|---|---|---|
| പട്ടർ ചോല കൂടം പൊയിലിൽ അങ്കണവാടി റോഡ് 54/18(സ്പിൽ ഓവർ) | AEE/31/16-17/ 30-12-2016 ശ്രീ. ഷൗക്കത്തലി.യു | 14-02-2018 (M -book-41/17-18 ) | 415555 ബിൽ നം. 45/17-18 09-03-18 |
| ചൂലാം വയൽ അക്കനാടൻ കുഴി റോഡ് 21/18(സ്പിൽ ഓവർ) | AEE/52/16-17/ 31-01-2017 ശ്രീ. നാരായണൻ. കെ.പി | 21-07-2017 (M -book-80/16-17 ) | 428419 ബിൽ നം. 13/17-18 25-08-17 |
| പുതുക്കിടി മുക്ക് കല്ലിട്ടുമ്പിൽ താഴം റോഡ് 24/18(സ്പിൽ ഓവർ) | AEE/22/16-17/ 24-12-2016 ശ്രീ. നാരായണൻ. കെ.പി | 26-05-2017 (M -book-3/16-17 | 507348 ബിൽ നം. 40/17-18 28-02-18 |
| ഈച്ചമ്പാട് കോളനി സമഗ്ര വികസന 29/18(സ്പിൽ ഓവർ) | AEE/34/16-17/ 30-12-2016 ശ്രീ. സനിൽ. ബി | 29-05-2017 (M -book-19/17-18 | 480866 ബിൽ നം. 21/17-18 28-09-17 ബിൽ നം. 29/17-18 26-03-2018 |
| പണ്ടാരപ്പറമ്പ് ചാലിയിൽ റോഡ്-22/18 (സ്പിൽ ഓവർ) | AEE/54/16-17/ 31-01-17 ശ്രീ.റഹ്മത്തുള്ള.കെ.കെ | 03-01-2018 M-book 83/17-18 | 187606 (ബിൽ നം.63/17-18 /26-03-18) |
| മാക്കാലിൽ ഇട്ടക്കപ്പാറ റോഡ്-19/18 (സ്പിൽ ഓവർ) | AEE/67/16-17/ 31-03-17 ശ്രീ.വിജീഷ്. പി.ആർ | 19-03-2018 M-book 65/17-18 | 590000 (ബിൽ നം.19/17-18 /26-03-18) |

പ്രവർത്തികൾ പൂർത്തിയാകുന്നതിൽ കാല താമസത്തിന് കാരണം എന്തെന്ന് ഫയലിൽ വ്യക്തമല്ല. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വരുന്ന സംഗതിയിൽ ജി.ഒ.(പി) 13/2012/PWD നമ്പർ പുതുക്കിയ മാന്വൽ 2112-1 പ്രകാരം പിഴ ഈടാക്കി ദീർഘിപ്പിച്ച് നൽകാം. ഒറിജിനൽ പൂർത്തീകരണ കാലാവധിക്കകം ദീർഘിപ്പിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷിക്കാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണ്. ദീർഘീകരണം ലഭ്യമാകാതെ പൂർത്തീകരണ കാലാവധിക്ക് ശേഷം നിർവഹിച്ച പ്രവൃത്തികൾക്ക് തുക നൽകാവുന്നതല്ല. എന്നാൽ മേൽ പ്രവൃത്തികളിൽ പ്രവൃത്തി ദീർഘിപ്പിക്കാൻ കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല.

പൂർത്തീകരണ കാലാവധി സംബന്ധിച്ച് കരാറിൽ വ്യവസ്ഥ ചെയ്യാത്തതിനും ദീർഘീകരണം ലഭ്യമാകാതെ കാലതാമസം വരുത്തിയ കരാറുകാർക്കെതിരെ നടപടിയൊന്നും എടുക്കാതെ ഫൈനൽ ബിൽ തുക നൽകിയ നടപടി ക്രമപ്രകാരമല്ല. പ്രവൃത്തി വൈകിയതിന് നിയമാനുസൃത പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-6 കരാറുകാരനിൽ നിന്ന് നിയമാനുസൃത നികുതി ഈടാക്കിയില്ല.

നിർവ്വഹണം : അസി.എക്സി.എഞ്ചിനീയർ

01-11-2017 ലെ ജി.ഒ (പി) 87 /2017/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 30-06-2017 ന് മുമ്പ് പൂർത്തിയാക്കി എം. ബുക്കിൽ രേഖപ്പെടുത്തിയ പ്രവർത്തികൾക്ക് ജി.എസ്. ടി . ബാധകമല്ലെന്നും ആയതിന് മൂല്യ വർദ്ധിത നികുതിയാണ് ബാധകമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ 30-06-2017മുൻപ് പൂർത്തിയാക്കിയ ചില പ്രവർത്തികളിൽ ഫൈനൽ ബിൽ നൽകിയപ്പോൾ മൂല്യ വർദ്ധിത നികുതി ഈടാക്കിയിട്ടില്ലാത്തതിനാൽ കരാറുകാർക്ക് അധിക തുക അനുവദിച്ചിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് | കരാർ, .എം.ബുക്ക് പ്രവർത്തി പൂർത്തീകരിച്ച തിയ്യതി | പ്രവർത്തി മൂല്യം, ഈടാക്കേണ്ട വാറ്റ് | ഈടാക്കിയ വാറ്റ് | കുറവ് |
|---|---|---|---|---|---|
| 1 | ഈച്ചംമ്പാട് കോളനി സമഗ്ര വികസനം 29/18 ശ്രീ.സനിൽ.ബി | AEE/34/16-17 /30-12-16/M-book 19/17-18 29-06-2017 | 33859 1354 | ഈടാക്കിയിട്ടില്ല(ബിൽ നം.29/17-18/26-03-18) | 1354 |
| 2 | ചീനിക്കുഴി കുളങ്ങര റോഡ്-26/18 ശ്രീ.ഷിനിൽ | AEE/37/16-17 /03-01-17/M-book 120/16-17 19-02-2017 | 217614 8705 | ഈടാക്കിയിട്ടില്ല(ബിൽ നം.4/17-18/28-02-18) | 8705 |

അനർഹമായി നൽകിയ തുക തിരികെ ഈടാക്കി അടവാക്കേണ്ടതാണ്.

## 3-7 ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മാണം ചെലവ് സംബന്ധിച്ച്

കുന്ദമംഗലം ബ്ലോക്ക്പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് സ്പിൽ ഓവർ തുക നൽകുന്നതിനായി തൻ വർഷത്തിൽ എസ്.ഒ 131/18 എന്ന പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. തനത്ഫണ്ട് 47,05,429 രൂപ വകയിരുത്തിയിട്ടുണ്ട്. IKM ചെലവ് പത്രിക പ്രകാരം ഈ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടില്ല. എന്നാൽ ഈ പദ്ധതിയ്ക്കായുള്ള ബാങ്ക് പാസ് ബുക്ക് പരിശോധിച്ചതിൽ (പഞ്ചാബ് നാഷണൽ ബാങ്ക് - 4304000105044179) താഴെ കാണിച്ച പ്രകാരം തൻവർഷം 15,69,944 രൂപ പദ്ധതിയ്ക്കായി പിൻവലിച്ചിട്ടുണ്ട്.

| ചെക്ക് നമ്പർ,തിയ്യതി | തുക |
|---|---:|
| 134166/24-05-2017 | 11,20,000 |
| 134168/10-10-2017 | 1,49,944 |
| 134175/11-12-2-17 | 3,00,000 |
| ആകെ | 15,69,944 |

തൻവർഷം ചെലവഴിച്ച തുക പദ്ധതി ചെലവ് വിവരങ്ങളിൽ ഉൾപ്പെടാതിരുന്നതിന് മറുപടി നൽകേണ്ടതാണ്

## 3-8 നെൽ കൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി - പദ്ധതി ലക്ഷ്യം കൈവരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി അസി. ഡയറക്ടർ
പ്രൊജക്റ്റ് നമ്പർ - 99/17-18
ചെലവ് -663000 (വികസന ഫണ്ട്)
(55250 -2/2017-18/30-10-2017)
(182750-4/2017-18/22-12-2017)
(425000-5/2017-18/29-12-2017)

ഈ പദ്ധതിയിൽ പെരുമണ്ണ ഗ്രാമപഞ്ചായത്തിന് നൽകിയത് 55,250 രൂപയാണ്. ഇതിൽ 07-08-2018 ലെ എ2/2510/16 നമ്പർ കത്ത് പ്രകാരം 31450 രൂപ മാത്രമേ വിനിയോഗിച്ചുള്ളൂ എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ചെലവഴിയ്ക്കാത്ത തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചീടാക്കി അറിയിക്കേണ്ടതാണ്.

## 3-9 ആകാശ ഗംഗ കിണർ റീചാർജിങ്ങ് പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ- കൃഷി അസി. ഡയറക്ടർ
പ്രൊജക്റ്റ് നമ്പർ - 116/17-18
ചെലവ് -800000 (വികസന ഫണ്ട്)
(600000 -1/2017-18/30-20-2017)
(200000-3/2017-18/22-12-2017)

ആകാശ ഗംഗ കിണർ റീചാർജിങ്ങ് എന്ന പദ്ധതിയുടെ നടത്തിപ്പിനായി2017-18 വർഷത്തിൽ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് 8,00,000 രൂപ നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ഗ്രാമ പഞ്ചായത്ത് | നൽകിയ തുക | റിമാർക്ക്സ് |
|---|---|---|
| പെരുമണ്ണ | 400000 | 07-08-2018 ലെ എ2/2510/16 നമ്പർ കത്ത് പ്രകാരം തുക വിനിയോഗിച്ചില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട് |
| പെരുവയൽ | 200000 | തുക വിനിയോഗിച്ചതിന്റെ വിവരം ലഭ്യമായിട്ടില്ല |
| കുരുവട്ടൂർ | 200000 | 30-07-2018 ലെ എ1/5761/18 നമ്പർ കത്ത് പ്രകാരം തുക വിനിയോഗിച്ചില്ല എന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട് |

29-03-17 ലെ ജി.ഒ(എം.എസ്)/72/2017/തസ്വഭവ ഉത്തരവ് മാർഗരേഖ 6.5 പ്രകാരം സംയുക്ത പ്രൊജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ഉടമ്പടിയിൽ ഏർപ്പെടണമെന്ന വ്യവസ്ഥ പാലിയ്ക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. പദ്ധതികളുടെ രൂപീകരണം മുതൽ ലക്ഷ്യപ്രാപ്തി കൈവരിയ്ക്കുന്നത് വരെ പദ്ധതി മോണിറ്റർ ചെയ്യേണ്ട വികസന സ്റ്റാന്റിങ്ങ് കമ്മറ്റി ഇക്കാര്യം പരിശോധിച്ചില്ല. ചെലവഴിയ്ക്കാത്ത തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 3-10 ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നില്ല

ബ്ലോക്ക് പഞ്ചായത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയ്ക്കു കീഴിൽ വരുന്ന ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. 2017-18 ൽ 2 പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് | അടങ്കൽ | റിമാർക്ക്സ് |
|---|---|---|
| 77/18-വനിതാ ഗ്രൂപ്പ് തൊഴിൽ സംരംഭം - തുണി സഞ്ചി വസ്ത്ര നിർമ്മാണയൂണിറ്റ് | 550000 | പദ്ധതി നടപ്പിലാക്കിയിട്ടില്ല |
| 15/18- ഖാദി നൂൽ നൂൽപ്പ് അനുബന്ധ സൗകര്യം ഒരുക്കൽ | 1500000 | |

സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരവും, വർക്കിങ്ങ് ഗ്രൂപ്പ് നിർദ്ദേശങ്ങളും ഗ്രാമസഭാ നിർദ്ദേശങ്ങളും പരിശോധിച്ചതിൽ നിലവിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഈ മേഖലയിൽ നിരവധി പദ്ധതികൾ ആവശ്യമായിട്ടുണ്ട്. ഭക്ഷ്യ സംസ്കരണ നിർമ്മാണ വിപണന യൂണിറ്റ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, വനിതാതൊഴിൽ യൂണിറ്റ്,

നെല്ലുകുത്ത് മില്ല്, തുണി സഞ്ചി ,മൺപാത്രം, പേപ്പർ ബാഗ്, പപ്പടം, മെഴുകുതിരി എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുക എന്നിങ്ങനെ നിരവധി ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ടെങ്കിലും അവയൊന്നും പരിഗണിച്ചിട്ടില്ല. തയ്യാറാക്കിയിട്ടുള്ള 2 പദ്ധതികൾ തന്നെ നടപ്പിലാക്കിയിട്ടുമില്ല എന്നത് വീഴ്ചയാണ്. 2016-17 വർഷത്തിലും പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ ചുമതലയിൽ വരുന്ന ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുകയോ പദ്ധതി നടപ്പിലാക്കുന്നത് മോണിറ്റർ ചെയ്യുകയോ ചെയ്തിട്ടില്ല. 18-05-2017 ന് ചേർന്ന വികസന സ്റ്റാന്റിങ്ങ് കമ്മറ്റി യോഗത്തിൽ വികസന സെമിനാറിലേയ്ക്കായി വർക്കിങ്ങ് ഗ്രൂപ്പുകൾ തയ്യാറാക്കിയ കരട് പദ്ധതി നിർദ്ദേശങ്ങളിൽ നിന്ന് വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി 21 പദ്ധതി നിർദ്ദേശങ്ങൾ ഭരണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ ഒന്നു പോലും ചെറുകിട വ്യവസായ വർക്കിങ്ങ് ഗ്രൂപ്പ് മേഖലയിൽ നിന്നുള്ളതല്ല. പശ്ചാത്തല മേഖലയിൽ ഊന്നിയ പ്രോജക്ട് നിർദ്ദേശങ്ങളാണ് ഉണ്ടായിട്ടുള്ളത്. 25-05.17 ലെ യോഗത്തിൽ അന്തിമ പദ്ധതി നിർദ്ദേശങ്ങളായി 136 പദ്ധതികൽ ഭരണ സമിതിയിലേയ്ക്ക് നിർദ്ദേശിച്ചതിൽ 2 എണ്ണം മാത്രമാണ് ഈ മേഖലയിലുള്ളത്. ചെറുകിട വ്യവസായ മേഖലയിൽ പ്രോജക്ട് തയ്യാറാക്കുന്നതിലും നടപ്പാക്കുന്നതിലും വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി വിജയിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 172 ൽ 4 ാം പട്ടികപ്രകാരം ചെറുകിയ വ്യവസായ മേഖലയിൽ വരുന്ന ചുമതലകൾ നിർവ്വഹിക്കുന്നത് ഉറപ്പു വരുത്തുന്നതിൽ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി നടപടികളെടുത്തിട്ടില്ല.

അപാകതകൾക്ക് മറുപടി നല്കേണ്ടതാണ്.

## **3-11** <u>വിതരണം ചെയ്യാത്ത സ്കോളർഷിപ്പ് തുക തിരിച്ചടയ്ക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു</u>

2015-16 വർഷത്തിൽ ശിശു വികസന പദ്ധതി ഓഫീസർ നടപ്പാക്കിയ ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് എന്ന പദ്ധതിയിലെ (പ്രോജക്ട് നം.SO044/16)ചെലവഴിക്കാത്ത തുക സി.ഡി.പി.ഒ.യുടെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. 12,00,000/-രൂപ(വികസനഫണ്ട്) അടങ്കലോടെയുള്ള പദ്ധതിയിൽ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തെങ്കിലും വലിയൊരു തുക സി.ഡി.പി.ഒ.യുടെ അക്കൗണ്ടിലേയ്ക്ക് തിരിച്ചു വന്നു. പല ഗുണഭോക്താക്കളും കെ.വൈ.സി. ചെയ്യാതിരുന്നതാണ് ഇതിനു കാരണമായത്. തിരിച്ചു അക്കൗണ്ടിലേയ്ക്ക് വന്ന തുക പിന്നീട് ഡി.ഡി. ആയി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തെങ്കിലും നാല് ഗുണഭോക്താക്കളുടെ തുക ആകെ 8788/- രൂപ വിതരണം ചെയ്യാതെ ബാങ്കിൽ കിടക്കുന്നു. ബന്ധപ്പെട്ട പഞ്ചായത്തുകളിലേയ്ക്ക് ഡി.ഡി.കൾ കൈമാറിയെങ്കിലും ഗുണഭോക്താക്കളെ കണ്ടെത്താൻ സാധിച്ചില്ല എന്ന മറുപടിയാണ് ലഭിച്ചതെന്ന് സി.ഡി.പി.ഒ. അറിയിച്ചു. ഓഡിറ്റ് തിയ്യതിയിൽ പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ പലിശയുൾപ്പെടെ 29,794/- രൂപ നീക്കിയിരിപ്പുണ്ട്. വിനിയോഗിക്കാത്ത തുക എത്രയും പെട്ടെന്ന്

പഞ്ചായത്ത് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

## 3-12 മെഡിക്കൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കളെ നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല

നിർവ്വഹണം : പട്ടികജാതി വികസന ഓഫീസർ

പ്രോജക്ട് നമ്പർ : എസ്.ഒ.118/18

അടങ്കൽ : 2,00,000/-(വികസനഫണ്ട് എസ്.സി.പി.)

ചെലവ് : 2,00,000/- (ബിൽ നമ്പർ 4/17-18/29.03.2018)

കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന എട്ടു ഗ്രാമപഞ്ചായത്തുകളുടെ പരിധിയിലുള്ള മെഡിക്കൽ/എഞ്ചിനീയറിംഗ് പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതാണ് ഈ പദ്ധതി. മേൽ ബിൽ പ്രകാരം എട്ടു വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുകയും ചെയ്തു(നാല് വീതം മെഡിക്കൽ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക്). പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ മാവൂർ, പെരുവയൽ, ചാത്തമംഗലം എന്നീ പഞ്ചായത്തുകളിൽ നിന്ന് യഥാക്രമം 3, 18, 61എണ്ണം വീതമുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് ഇതിലേയ്ക്കായി നൽകിയിട്ടുണ്ട്. ഇതിൽ മാവൂർ, പെരുവയൽ പഞ്ചായത്തുകളിലെ മൂന്ന് വീതം വിദ്യാർത്ഥികൾക്കും, ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ രണ്ടു വിദ്യാർത്ഥികൾക്കുമാണ് സ്കോളർഷിപ്പ് അനുവദിച്ചിരിക്കുന്നത്.

03.04.2017 ലെ സർക്കാർ ഉത്തരവ് നം.(എം.എസ്)80/2017/ത.സ്വ.ഭ.വ., ഖണ്ഡിക 11.8.2 പ്രകാരം കേന്ദ്ര സംസ്ഥാനതല പ്രവേശന പരീക്ഷയിൽ യോഗ്യതനേടി പഠനം നടത്തി വരുന്ന എല്ലാ വിദ്യാർത്ഥികൾക്കും ഇത്തരത്തിൽ സ്കോളർഷിപ്പ് നൽകാമെന്നും, ഇതിലേയ്ക്കായി നിർധനരായ കുടുംബങ്ങൾക്കാണ് മുൻഗണന നൽകേണ്ടതെന്നും നിർദ്ദേശിക്കുന്നു. സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികളുടെ രേഖകൾ പരിശോധിച്ചതിൽ അഞ്ചു വിദ്യാർത്ഥികളുടെ വാർഷിക വരുമാനം 36,000/- രൂപയോ, അതിൽ താഴെയുമാണെങ്കിൽ മൂന്നു വിദ്യാർത്ഥികളുടേത് യഥാക്രമം 12,05,160/-, 3,45,564/-, 1,41,540/- രൂപ വീതമാണ്. അംഗീകരിച്ച പ്രോജക്ട് പ്രകാരം ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള അർഹതാ മാനദണ്ഡം/ മുൻഗണനാ മാനദണ്ഡം എന്നിവയിൽ പ്രധാനമായിട്ടുള്ളവ യോഗ്യതാപരീക്ഷയിൽ 80% മോ, അതിലധികമോ മാർക്ക് ലഭിച്ചവർ, വിധവകളുടെ മക്കൾ, ഏറ്റവും കുറവു കുടുംബവരുമാനമുള്ളവർ എന്നിവയാണ്. എൺപതിലധികം വിദ്യാർത്ഥികളുടെ പട്ടിക ലഭ്യമായതിൽ നിന്നും മേൽ വിവരിച്ച രീതിയിൽ വാർഷികവരുമാനത്തിൽ വൻ അന്തരമുള്ള കുട്ടികളെ തെരെഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമല്ല. ഗുണഭോക്താക്കളുടെ അപേക്ഷകളിൽ മറ്റു മാനദണ്ഡങ്ങൾ വിലയിരുത്തുന്നതിനുള്ള വിവരങ്ങളൊന്നും ലഭ്യമല്ല. സ്കോളർഷിപ്പിനായി ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.3/17-18)നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കളെ തീരുമാനിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാണ്.

## 3-13 ഐകെഎം വിഹിതമായി അധികം തുക നൽകി

പ്രോജക്ട് - 7/18 ഐകെഎം വിഹിതം നൽകൽ

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 150000

ചെലവ് - 150000 ബിൽ 39/17-18 28.2.18

ബ്ലോക്ക് പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്ക് സഹായകരമായ സോഫ്റ്റ് വെയറുകളുടെ നടത്തിപ്പിനും മറ്റുമായി ഐ.കെ.എം ന് വിഹിതം നൽകാനാണ് മേൽ പ്രോജക്ട് ലക്ഷ്യമിട്ടത്. 8.3.16 ലെ സ.ഉ(സാധാ) 1228/16/തസ്വഭവ ഉത്തരവു പ്രകാരം പ്ലാൻ ഫണ്ടിന്റെ 0.1% ഐ.കെ.എം പ്രവർത്തനത്തിനു വേണ്ടി നൽ കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ ഫണ്ട് വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.

| | സംസ്ഥാന ബഡ്ജറ്റ് പ്രകാരമുള്ള തുക | സർക്കാർ ഉത്തരവു വഴി അനുവദിച്ച തുക | യഥാർത്ഥത്തിൽ ചെലവഴിച്ച തുക |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 52772000 | 52766341 | 41681167 |
| വികസന ഫണ്ട് (എസ് സി പി) | 23863000 | 23863000 | 20334315 |
| വികസന ഫണ്ട് (ടിഎസ് പി) | 714000 | 714000 | 714000 |
| ആകെ | 77349000 | 77343341 | 62729482 |

മേൽ കണക്കുകൾ പ്രകാരം പരമാവധി നൽകാവുന്ന തുക 7,73,49,000 രൂപയുടെ 0.1% തുകയായ 77,343 രൂപയായിരിക്കേ 1,50,000 രൂപ നൽകി. 72,657/- രൂപ അധികം നൽകിയത് തടസ്സപ്പെടുത്തുന്നു. ഐകെഎം ൽ നിന്നും തുക തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## 3-14 ഡെപ്പോസിറ്റ് പ്രവൃത്തിയിലേയും സംയുക്ത പ്രോജക്ടുകളിലേയും പ്രവൃത്തി നടത്തിപ്പിലെ അപാകതകൾ

നിർവ്വഹണം - സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്ത് തൻവർഷം പദ്ധതികൾക്കായി വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുകയും ജില്ലാപഞ്ചായത്ത് പദ്ധതികളിൽ തുക നൽകുകയും ചെയ്തിട്ടുണ്ട്. മേൽ പദ്ധതികളുടെ നടത്തിപ്പിൽ താഴെ കാണിച്ച വിധം അപാകതകളുണ്ടായി.

സംയുക്ത പ്രോജക്ടുകൾ

| | പ്രോജക്ട് | നടപ്പാക്കുന്ന തദ്ദേശ ഭരണ സ്ഥാപനം | നൽകിയ തുക | ബിൽനം. തിയ്യതി |
|---|---|---|---|---|
| 1 | മാമ്പുഴ സംരക്ഷണം 109/18 | ജില്ലാ പഞ്ചായത്ത് | 25,00,000 | 5/17-18 30.10.17 |
| 2 | വളയന്നൂർ കടയംതോട് പുഞ്ചപ്പാടം ലിഫ്റ്റ് ഇറിഗേഷൻ 128/18 | | 15,00,000 | 6/17-18 30.10.17 |
| 3 | പെരുവഴിക്കടവ് ലിഫ്റ്റ് ഇറിഗേഷൻ 126/18 | | 10,00,000 | 4/17-18 30.10.17 |

സർക്കാർ ഉത്തരവ് (എം.എസ്.)10/2017/ത.സ്വ.ഭ.വ, തിയ്യതി 09.01.2017 പ്രകാരം സംയുക്തപ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കരാറുടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ മേൽ പ്രോജക്ടുകൾക്കായി കരാർ ചമച്ചിട്ടില്ല. മേൽ പ്രവൃത്തികളുടെ പ്രോജക്ട്, സാങ്കേതികാനുമതി ലഭിച്ച വിശദമായ എസ്റ്റിമേറ്റ് എന്നിവ നിർവ്വഹണം നടത്തുന്ന ജില്ലാ പഞ്ചായത്ത് തുക നൽകുന്ന ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടില്ല. മേൽ പ്രവൃത്തികളൊന്നും ആരംഭിച്ചതായോ പൂർത്തിയാക്കിയതായോ ഉള്ള വിവരം ജില്ലാപഞ്ചായത്ത് ലഭ്യമാക്കുകയോ ആയതിനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കുകയോ ചെയ്തില്ല. വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹണം മോണിട്ടർ ചെയ്തിട്ടില്ല.

ഡെപ്പോസിറ്റ് പ്രവൃത്തി

| | പ്രവൃത്തിയുടെ പേര് | നടപ്പാക്കുന്ന ഏജൻസി | നൽകിയ തുക | ബിൽ നം. തിയ്യതി |
|---|---|---|---|---|
| 1 | 3,4,5 വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ-ചാത്തമംഗലം ഗ്രാമ പഞ്ചായത്ത്<br>പ്രോജക്ട് നം 110/18 | കേരളാ വാട്ടർ അതോറിറ്റി | 10,00,000 | 20/17-18 15.1.18 |
| 2 | തട്ടാരത്ത് താഴം-നമ്പ്യാത്ത് താഴം തയ്യിൽ താഴം കനാൽ റോഡ് (കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത്) | കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് | 7,00,000 | 30/17-18 12.2.18 |

ക്രമ നം. 1 – പ്രവൃത്തിക്ക് വാട്ടർ അതോറിറ്റിയിൽ നിന്നും സാങ്കേതികാനുമതി ലഭിച്ച വിവരമില്ല. തുക നൽകിയതിനു ശേഷം 31.3.2018 നാണ് കരാർ വയ്ക്കുന്നത്. പദ്ധതി മാർഗ്ഗരേഖ (2017-18), ജി.ഒ.(എം.എസ്)നം.72/2017/തസ്വഭവ തീയതി 29-03-17 ഖണ്ഡിക നമ്പർ 8.3(17)പ്രകാരം ഒരു നിർമ്മാണ പ്രവൃത്തിക്ക് കേരള ജല അതോറിറ്റിക്ക് തുക മുൻകൂർ നൽകണമെങ്കിൽ ആ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട സ്ഥാപനം തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശ ഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. കരാറിലെ വ്യവസ്ഥ പ്രകാരം പ്രവൃത്തി പുരോഗതി വാട്ടർ അതോറിറ്റി ബ്ലോക്ക്

പഞ്ചായത്തിനെ അറിയിച്ചില്ല. വർക്കിംഗ് ഗ്രൂപ്പ് മേൽ പ്രവൃത്തി മോണിട്ടർ ചെയ്തിട്ടില്ല.

ക്രമനം. 2 - പ്രവൃത്തി ബ്ലോക്ക് പഞ്ചായത്ത് ചുമതലയിൽപ്പെടാത്തതും തനത് ആസ്തിയിലല്ലാത്ത സ്ഥലത്തുമാണ്. (കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ആസ്തിയിലാണ് മേൽ റോഡ്) സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. തുക നൽകിയെങ്കിലും കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടുമായി കരാറിലേർപ്പെട്ടിട്ടില്ല. ആയതു കൊണ്ടു തന്നെ പ്രവൃത്തി പൂർത്തീകരണത്തെക്കുറിച്ചും തുകയെക്കുറിച്ചും ബ്ലോക്ക് പഞ്ചായത്തിന് കൃത്യതയില്ല. ഇപ്പോൾ ലഭ്യമാക്കിയ തുക മതിയാകില്ലെന്നും കൂടുതൽ തുക അടവാക്കണമെന്നും കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട് ആവശ്യപ്പെട്ടിട്ടുണ്ട്. കൃത്യമായ കരാറിന്റെയും സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിന്റെയും അഭാവമാണ് ഇത്തരത്തിൽ തുക ആവശ്യപ്പെട്ടതിന് ഇടയാക്കിയത്. കൂടാതെ കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലത്ത് ടി സ്ഥാപനത്തിന്റെ കനാൽ ഇൻസ്പെക്ഷന് ഉപയോഗിക്കുന്ന റോഡിന്റെ നിർമ്മാണത്തിന് 77600 രൂപ മേൽനോട്ട തുക ബ്ലോക്ക് പഞ്ചായത്തിനോട് ഈടാക്കി. പ്രവൃത്തി ആരംഭിച്ചതായോ പൂർത്തീകരിച്ചതായോ ഉള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മേൽ പ്രവൃത്തി മോണിട്ടർ ചെയ്തിട്ടില്ല.

മേൽക്കാണിച്ച അപാകതകളാൽ മറ്റ് വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താമായിരുന്ന അരക്കോടിയിലധികം രൂപ നിഷ്ക്രിയമായി. പ്രോജക്ടുകൾ മോണിട്ടറിംഗ് നടത്തി ആവശ്യമായ രേഖകൾ ലഭ്യമാക്കാനും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 3-15 സംയുക്ത പ്രോജക്ടിനു നൽകിയ തുക തിരികെ ലഭ്യമാക്കിയില്ല

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

പ്രോജക്ടിന്റെ പേര് - 8,9,10 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ - 6,28,310/-(വികസനഫണ്ട് എസ്.സി.പി.)

ചെലവ് - ബിൽ നമ്പർ 2/17-18/17.01.2018 – തുക 4,00,000/-

കുന്ദമംഗലം ഗ്രാമപഞ്ചായത്തിനു കീഴിലുള്ള പെരുവയൽ, പെരുമണ്ണ, കുന്ദമംഗലം എന്നീ ഗ്രാമപഞ്ചായത്തുകളിലെ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ ഫണ്ടിന് ആനുപാതികമായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്നതാണ് ഈ പ്രോജക്ട്. മുകളിൽ വിവരിച്ച ബിൽ മുഖേന 4,00,000/- രൂപ പിൻവലിക്കുകയും, ഇതിൽ 3,00,000/-രൂപ കുന്ദമംഗലം ഗ്രാമപഞ്ചായത്തിനും, 1,00,000/-രൂപ പെരുമണ്ണ ഗ്രാമപഞ്ചായത്തിനും നൽകി. പെരുമണ്ണ ഗ്രാമപഞ്ചായത്ത് തങ്ങൾക്ക് ലഭിച്ച മുഴുവൻ തുകയും വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. കുന്ദമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമായ19.06.2018 ലെ എ.സി.സി. 65/18നമ്പർ വിനിയോഗ സാക്ഷ്യപത്രത്തിൽ ലഭിച്ച 3,00,000/-രൂപയിൽ 18,400/- രൂപ മാത്രം വിനിയോഗിച്ചതായാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ബാക്കി തുക 2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയതായി സൂചിപ്പിക്കുന്നു.

2017 ജനുവരി 23 ലെ ധനവകുപ്പിന്റെ ഉത്തരവ് നമ്പർ 07/2017 പ്രകാരം സംയുക്തപ്രോജക്റ്റുകളുടെ നടത്തിപ്പു സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതു പ്രകാരം പദ്ധതി വർഷം സെപ്റ്റംബർ 30 നകം വിഹിതം നൽകുന്ന സ്ഥാപനം നിർവ്വഹണം നടത്തുന്ന തദ്ദേശസ്ഥാപനത്തിന് സംയുക്ത പ്രോജക്റ്റിന്റെ തുക കൈമാറണം. നിർവ്വഹണം നടത്തുന്ന സ്ഥാപനം ഫെബ്രുവരി മാസം അവസാന ആഴ്ചയോടെ പദ്ധതി നടത്തിപ്പ് അവലോകനം നടത്തി ചെലവഴിക്കാൻ സാധ്യതയില്ലാത്ത തുക വിഹിതം നൽകിയ സ്ഥാപനത്തിന് തിരികെ നൽകേണ്ടതുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് മേൽപറഞ്ഞ സമയപരിധിക്കകം തുക നൽകുകയോ കുന്ദമംഗലം ഗ്രാമപഞ്ചായത്ത് ഈ രീതിയിൽ തുക തിരികെ നൽകുകയോ, വിനിയോഗിക്കാത്ത തുക ബ്ലോക്ക് പഞ്ചായത്ത് തിരികെ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല. തുക മുഴുവനായും 2017-18 വർഷത്തെ ചെലവായാണ് രേഖകളിൽ പ്രതിഫലിച്ചിരിക്കുന്നത്. മുകളിൽ വിവരിച്ച ഉത്തരവ് പ്രകാരം ചെലവഴിക്കാത്ത തുക ഇത്തരത്തിൽ തിരികെ നൽകിയതിനുശേഷം, തുടർവർഷത്തേയ്ക്ക് സ്പിൽഓവർ പദ്ധതിയ്ക്കായി ഇരുസ്ഥാപനങ്ങളും ധാരണയിലെത്തുകയും, 21/03/2015 ലെ സർക്കാർ ഉത്തരവ് (പി) നം.119/2015/ഫിൻ ഖണ്ഡിക 2 (vi) ൽ നിർദ്ദേശിക്കും വിധം സ്പിൽഓവർ പ്രവൃത്തിയ്ക്കായി അടുത്ത വർഷം ലഭിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്റ്റ് നടപ്പാക്കേണ്ടതുമാണ്. സർക്കാർ ഉത്തരവ് (എം.എസ്.)72/2017/ത.സ്വ.ഭ.വ, തിയ്യതി 29.03.2017 ഖണ്ഡിക 6.5(2) പ്രകാരം സംയുക്തപ്രോജക്റ്റുകളിൽ പങ്കാളികളാകുന്ന തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ കരാറുടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ സ്ഥാപനങ്ങൾ തമ്മിൽ കരാറിലേർപ്പെട്ടിട്ടില്ല.

മേൽ രീതിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## **3-16** <u>വിനിയോഗ വിവരം ലഭ്യമല്ല</u>

2017-18 വർഷത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്(പ്രോ.നം.SO114/18) എന്ന സംയുക്ത പ്രോജക്റ്റ് മുഖേന ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള എട്ട് ഗ്രാമപഞ്ചായത്തുകൾക്ക് ആകെ 27,07,000/-രൂപ കൈമാറിയിട്ടുണ്ട്.(ബിൽ നം. 1/17-18 /31.10.2017) വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്ത് | തുക |
|---|---|
| കുരുവട്ടൂർ | 3,00,000 |
| മാവൂർ | 3,00,000 |
| ചാത്തമംഗലം | 3,00,000 |
| കുന്ദമംഗലം | 4,00,000 |
| കാരശ്ശേരി | 5,00,000 |
| പെരുമണ്ണ | 3,07,000 |
| പെരുവയൽ | 3,00,000 |

| | |
|---|---|
| കൊടിയത്തൂർ | 3,00,000 |
| ആകെ | 27,07,000 |

2017 നവംബർ മാസത്തിൽ കൈമാറിയ തുക വിനിയോഗിച്ചതിന്റെ വിശദാംശം ഓഡിറ്റ് തിയ്യതി വരെ ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തുകളിലെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി ഫാം ഇൻസ്ട്രക്ടറും, ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണോദ്യോഗസ്ഥനും ഒരേ ഓഫീസിലെ ജീവനക്കാരായിരിക്കെ കൈമാറിയ തുകയുടെ വിനിയോഗം ഇതുവരെ ലഭ്യമാക്കാത്തത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. സംയുക്ത പ്രോജക്ടുകൾക്ക് നൽകുന്ന തുകയിൽ വിനിയോഗിക്കാത്ത തുക ആ സാമ്പത്തിക വർഷം ഫെബ്രുവരി അവസാനത്തിൽ തിരികെ നൽകണമെന്ന് സർക്കാർ ഉത്തരവ് 07/2017/ധനം 23/01/2017 ൽ നിർദ്ദേശിച്ചിട്ടുണ്ട്. നാളിതു വരെ തുക തിരികെ ഈടാക്കുകയോ, വിനിയോഗം ലഭ്യമാക്കുകയോ ചെയ്യാത്തതിനാൽ ചെലവുതുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് 1,2,3 വാർഡ് പൈപ്പ് ലൈൻ നീട്ടൽ | 20/17-18 തീയതി 15.1.18 | 1000000 | - | 1000000 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ KYIP, ഇറിഗേഷൻ വകുപ്പ്, | തട്ടാരിത്താഴം നമ്പ്യാത്ത്താഴം തയ്യിൽതാഴം കനാൽ റോഡ് | 30/17-18 തീയതി 12.2.18 | 700000 | - | 700000 |

| | | | | | |
|---|---|---|---|---|---|
| കോഴിക്കോട് | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1999 | 41a | ജനകീയാസൂത്രണ നടത്തിപ്പിൽ അപാകതകൾ - ശിവഗിരി ശുദ്ധജലപദ്ധതി - മൂല്യനിർണ്ണയം നടത്തിയില്ല. | ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണത്തിനും നടപടിക്കും സമിതി ശുപാർശ ചെയ്തു. |
| 1999 | 41b | പൈലങ്ങോട്ട് ചുരം - പാലോംകുന്ന് ശുദ്ധജലപദ്ധതി - ക്രമരഹിതമായി മുൻകൂർ നൽകി | -ടി- |
| 1999 | 41c | കൊടിയത്തൂർ - കോട്ടമ്മൽ ശുദ്ധജലപദ്ധതി | -ടി- |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 9,22,25,504 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 10,68,93,870 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,16,766 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 27,79,657 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

3(4) 116766 ശ്രീമതി. സീന അലക്സ്,

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-13 | 72,657/- | ശ്രീ.ജയപ്രകാശൻ.വി.കെ സെക്രട്ടറി |
| 3-16 | 27,07,000 | ശ്രീ.സനിൽകുമാർ.പി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96, 96-97,97-98 | എൽ.എഫ്.കെ.കെ.ഡി.(പി 7)2022/12(1)തീയതി 15-2-13 | 3 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി.(പി 7)2022/12(2)തീയതി 15-2-13 | 2 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.(പി 7)2022/12(3)തീയതി 15-2-13 | 5 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.(പി 7)1498/04തീയതി 2-4-12 | 35 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി.(പി 7)1178/04 തീയതി 2-4-12 | 30 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.(പി 7)432 /12(2)തീയതി 2-4-12 | 12 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.(പി 7)433/12തീയതി 2-4-12 | 12 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.(പി 7)1384/10(1)തീയതി 2-4-12 | 10 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.(പി 7)1384/10(2)തീയതി 2-4-12 | 10 |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.കെ.കെ.ഡി.(പി 7)430/12(1)തീയതി 2-4-12 | 22 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.(പി 7)430/12(2)തീയതി 2-4-12 | 21 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി.(പി 7)2021/12തീയതി 22-2-13 | 14 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി.(പി 7)76/13തീയതി 22-1-13 | 16 |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.(പി 7)1796/13 തീയതി 17-2-14 | 19 |
| 2011-12 | എൽ.എഫ്.കെ.കെ.ഡി.(പി 7)275/14 തീയതി 14-7-14 | 17 |
| 2012-13,13-14 | എൽ.എഫ്.കെ.കെ.ഡി.(പി 7)20/15 തീയതി 9-3-2015 | 16 |
| 2014-15,15-16 | കെ.എസ്.എ-കെ.കെ.ഡി/പി7/486 /2017/24-3-2017 | 25 |
| 2016-17 | നം.കെ.എസ്.എ/കെ.കെ ഡി/പി7/1934/17/26.3.2018 | 12 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## <u>അനുബന്ധം-1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.കെ.കെ.ഡി.പി.7/2049/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
തീയതി – 27-10-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ്

നിയമം- വകുപ്പ് 215(6) [ 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 ] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്